
ഗ്രാമഭൂമി
ദ്വൈമാസിക
റൂറൽ ഇൻഫർമേഷൻ ബ്യൂറോ പ്രസിദ്ധീകരണം
പുസ്തകം 37 ലക്കം 2 ● 2014 മാർച്ച് – ഏപ്രിൽ

# ഉള്ളടക്കം

*മുഖവുര*
**വനിതാദിനം** ..... 5



**കെടാവിളക്കുകൾ**
എ.ലത്തിഫാബീവി ..... 6



**ഗോത്ര സ്ത്രീകൾ**
ആർ.ഷൈനി ..... 8

**കുടുംബശ്രീ സ്ത്രീകൾക്കുള്ള ദീപനാളം**
ഗീത ഫിലിപ്പ് ..... 12

**അന്നമൂട്ടാൻ ഇനി അംബരചുംബി കൃഷിയും**
സുരേഷ് മുതുകുളം ..... 14

**നമ്മുടെ മത്സ്യം നമുക്കുണ്ടാക്കാം! കരിമീൻ കൈയെത്തും ദൂരം!**
ബാലൻ മാവേലി ..... 17



**അന്താരാഷ്ട്ര കുടുംബകൃഷി വർഷം കേരളത്തിൽ**
ഡോ.ഷീജാകുമാരി, കൊടുവഴന്നൂർ ..... 21



**അങ്ങാടിക്കുരുവി ഒരുദിനവും കുറെ ചിന്തകളും**
സാബു കുരിയൻ ജോൺ ..... 24

*കവിത*
**നെടുവീർപ്പ്**
ടി.ചന്ദ്രൻ, വണ്ടൂർ ..... 27

**കൃഷി ഒരു ജീവിതപാഠം ഹരിത കാന്തിയിൽ ഒരു കുടുംബം**
രമേഷ്കുമാർ വെള്ളമുണ്ട ..... 28

**കേരളമണ്ണിലെ കോവൽകൃഷി**
എം.എ.സുധീർബാബു, പട്ടാമ്പി ..... 31

*അറിയാൻ* ..... 33



# കത്തുകൾ




**ഗ്രാമഭൂമി ദ്വൈവാർഷിക വരിസംഖ്യ 24 രൂപ. തപാലിൽ ലഭിക്കുവാൻ**

എഡിററർ
ഗ്രാമഭൂമി
റൂറൽ ഇൻഫർമേഷൻ ബ്യൂറോ
സ്റ്റേറ്റ് മുനിസിപ്പൽ ഹൗസ്,
വഴുതക്കാട്
ശാസ്തമംഗലം പി.ഒ
തിരുവനന്തപുരം – 695010.
എന്ന വിലാസത്തിൽ
മണിയോർഡർ അയയ്ക്കുക
email : ribkerala@gmail.com

## പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കുന്ന വിപത്തുകൾ

നിരവധി പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് നടുവിൽ ജീവിക്കുന്ന നമുക്ക് ആഗോള താപനവും കാലാവസ്ഥ വ്യതിയാനവും നിലനിൽപിന്റെ തന്നെ ഭീഷണി ഉയർത്തുന്നു. മറ്റു പരിസ്ഥിതി പ്രശ്നങ്ങൾ വേറെയും. നമ്മുടെ ഗ്രാമങ്ങൾ വികസിക്കുന്നു. അവിടെ നഗരവൽക്കരണത്തിന്റെ ഭാഗമായി കെട്ടിടങ്ങൾ ഉയരുന്നു. സുന്ദരമായ കടൽത്തീരങ്ങൾ വൻകെട്ടിടങ്ങൾക്ക് വഴിമാറുന്നു. ഇവിടെ മാലിന്യങ്ങൾ നിറയുന്നു. അമിത കീടനാശിനി പ്രയോഗം വരുത്തുന്ന ജനിതക വൈകല്യങ്ങളും ഒരുവശത്ത്. ലേഖനത്തിൽ നൽകിയിരിക്കുന്ന സജീവ നിർദ്ദേശങ്ങൾ പാലിച്ചാൽ ഒരു പരിധി വരെ ഈ പ്രശ്നങ്ങൾക്ക് പരിഹാരമാവുമെന്നതിൽ സംശയമില്ല.

**ജ്യോതി ജോയി**, കനാൽ, ടി.എഫ് റോഡ്, വ്ളാങ്ങാമുറി, നെയ്യാറ്റിൻകര

## പ്രകൃതിപരിപാലനത്തിന്റെ അടിസ്ഥാന ഘടകങ്ങൾ

ഭൂമിയിൽ മനുഷ്യന്റെ ആവശ്യങ്ങൾക്കുള്ളതുണ്ട്. എന്നാൽ അത്യാഗ്രഹങ്ങൾക്കുള്ളതില്ല. മനുഷ്യന്റെ അത്യാഗ്രഹം പ്രകൃതിവിഭവങ്ങളുടെ വിനാശത്തിന് കാരണമാകുന്നു. സംയോജിത നീർത്തട പരിപാലന പരിപാടിയിൽ ഞാറ്റുവേല കലണ്ടറിലൂടെ നീർത്തടങ്ങൾക്കുള്ള പങ്ക് – കൃഷിയെ പ്രകൃതി വിഭവപരിപാലനത്തിന്റെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തിയിരിക്കുന്നു. ഒറ്റനോട്ടത്തിൽ സാധാരണക്കാരന് പോലും മനസ്സിലാകത്തക്ക രീതിയിൽ മാറ്റപ്പെടുത്തി എടുത്തിരിക്കുന്നു.

**എസ്.ശിവപ്രസാദ്**, ഇളകൊല്ലൂർ, കോന്നി

## കൃഷിയിൽ – ജൈവവളങ്ങളുണ്ടാകുമ്പോൾ

വളരെയധികം വിജ്ഞാനം നിറഞ്ഞ ഒരു ലേഖനം കഴിഞ്ഞലക്കം ഗ്രാമഭൂമിയിൽ കണ്ടു. സുധീർ പട്ടാമ്പിയുടെ പഞ്ചഗവ്യവും ദശഗവ്യവും പശുവളർത്തൽ ചെയ്യുന്നവർക്ക് ഇടവിളയായി ചെയ്യാവുന്നതാണിത്. കാർഷികമേഖല നേരിടുന്ന നിരവധി പ്രശ്നങ്ങളിൽ ഏറ്റവും പ്രധാനമായ വിഷയമാണിത്. മാരകമായ കീടനാശിനികൾ ഉപയോഗിക്കുന്നത് മൂലം മണ്ണും ജലവും പരിസ്ഥിതിയും വായുവും വിഷലിപ്തമായിതീരുന്നു. വിളവ് കിട്ടാൻ മുന്തിയ വിളവുത്പാദന ശേഷിയുള്ള പലയിനം വിത്തുകൾ കൃഷിയിടത്തിൽ പ്രചാരം നേടി കൂടെ രാസവളപ്രയോഗവും. രോഗബാധ ചെറുക്കാൻ കീടരോഗനാശിനി പ്രയോഗവും കൂടിയിട്ടുണ്ട്. അതുമൂലം മനുഷ്യന്റെ ആരോഗ്യവും പരിസ്ഥിതിയുടെ നിലനിൽപും തകർന്നുകൊണ്ടിരിക്കുന്നു. നാം പുനർവിചന്തനം നടത്തേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. നമുക്ക് അത്യാവശ്യം വേണ്ട ജൈവവളക്കൂട്ടുണ്ടാക്കുന്നതെങ്ങനെയെന്ന് ലേഖനത്തിൽ പ്രതിപാദിച്ചിട്ടുണ്ട്.

**രമാ വേണുഗോപാൽ**
കുറുപ്പുംപടി, കൂവപ്പടി

## പ്രകൃതി സൗഹൃദ ഉൽപ്പന്നങ്ങളുടെ പ്രസക്തി

പ്രകൃതിസൗഹൃദ ഉൽപ്പന്നങ്ങൾ – ഉപഭോഗത്വരയുടെ ഭാഗമായി വാങ്ങിക്കൂട്ടുകയും വലിച്ചെറിയുകയും ചെയ്യുന്ന സംസ്കാരത്തെപ്പറ്റിയും അവയെ എങ്ങനെ പ്രകൃതിക്കിണങ്ങുന്ന ഉൽപ്പന്നങ്ങളാക്കാം എന്നതിനെക്കുറിച്ചും പരാമർശിച്ചു കണ്ടു. പ്ലാസ്റ്റിക്ക് വരുത്തുന്ന വിപത്താണ് പകരക്കാരനെക്കുറിച്ച് ചിന്തിക്കാനിടയാക്കിയത്. എളുപ്പത്തിൽ കൊണ്ടു നടക്കാവുന്നതും വിലകുറവും ഇതിന്റെ മേന്മമായി കാണുന്നെങ്കിലും അധിക ഊർജ്ജത്തിന്റെ ഉപയോഗത്തിന് പുറമേ പരിസരമലിനീകരണത്തിനും രോഗങ്ങൾക്കും ഇടയാക്കുന്നു.

സ്ഥാനത്തും അസ്ഥാനത്തും ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ബാഗുകൾക്ക് പകരം പഴയകാല ഉൽപ്പന്നങ്ങളിലേക്ക് മടങ്ങാം. ചായയും പലഹാരങ്ങളും മൺപാത്രങ്ങളിലുപയോഗിക്കാം. സ്വാതന്ത്ര്യത്തിലേക്കും സ്വാശ്രയത്വത്തിലേക്കും നമ്മുടെ ശീലങ്ങളെ മാറ്റാം.

**സാവിത്രി.റ്റി**, മരട്, വൈറ്റില

## അനന്തസാധ്യകൾ തരുന്ന ടൂറിസം

കേരളത്തിന്റെ മാത്രം സ്വന്തമായ നിരവധി കാഴ്ചകൾ കാണാൻ ധാരാളം ടൂറിസ്റ്റുകളെത്തുന്നു. ഇവിടത്തെ ആചാരങ്ങൾ അനുഷ്ഠാനങ്ങൾ – വിദേശിക്ക് കുളിച്ചുല്ലസിക്കാൻ നദികൾ, ദാഹമകറ്റാൻ മോരിൻ വെള്ളമോ കരിക്കിൻ വെള്ളമോ– അങ്ങനെയെന്തെല്ലാം. അതിഥി സൽക്കാരത്തിന്റെ പേരിൽ അതിഥിയുടെ സംസ്ക്കാരം നമുക്ക് കടം വേണ്ട. നമ്മുടെ സ്വന്തം തനിമകളും പഴമകളും കാട്ടിക്കൊടുക്കാം. ചാണകത്തിന്റെ ഗന്ധവും തുളസിത്തറയുടെ മണവുമുള്ള നാട്ടുവഴികളിലൂടെ നടന്നുകയറാം. കണ്ണൻ ചേമ്പ് തളിർത്തു നിൽക്കുന്നതും കുഞ്ഞാടുകൾ പുരയിടങ്ങളിൽ തുള്ളിനടക്കുന്നതും കാട്ടിക്കൊടുക്കാം. ആകെ കൂടി ഗ്രാമത്തനിമ. ഇതൊക്കെ വേണ്ടുവോളമാസ്വദിക്കാൻ നമുക്ക് വിദേശിയെ സ്വാഗതം ചെയ്യാം.

**ഷരീഫ്**, കരിമ്പം, തളിപ്പറമ്പ്

RURAL INFORMATION BUREAU

മുഖവുര

# വനിതാദിനം

മാർച്ച് 8... കലണ്ടറിൽ ചുവപ്പുനിറത്തിന്റെ അകമ്പടിയില്ലെങ്കിലും അതൊരു ഓർമ്മപ്പെടുത്തലാണ്. അവകാശങ്ങൾക്കുവേണ്ടി ശബ്ദമുയർത്തിയതിനേറെ സ്മരണകൾ പേറുന്ന ഒരു ദിനം. ദേശത്തിന്റെ അതിർത്തികൾക്കും ഭൂഖണ്ഡങ്ങളുടെ സംസ്കാരങ്ങൾക്കുമപ്പുറത്ത് ഭാഷ, ദേശം, സാമ്പത്തിക, രാഷ്ട്രീയ വൈവിധ്യങ്ങളും വൈരുധ്യങ്ങളും മറന്ന് വനിതകൾക്കായി ഒരു ദിനം. അവകാശസമരത്തിനേറെ ഒരുപിടി അനുഭവ സാക്ഷ്യമുണ്ട് ഈ ദിനത്തിന്. അതിൽ കണ്ണിരീന്റെ നനവുണ്ട്, അധ്വാനത്തിന്റെ വിയർപ്പുണ്ട്, ദുഷിച്ച മുതലാളിത്ത, വ്യാവസായിക കുത്തക ആധിപത്യത്തോട് ഒരിക്കലും സന്ധി ചെയ്യാതെ പോരാടിയ വിപ്ലവ വീര്യമുണ്ട്.

ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ സ്വന്തം ജോലിസ്ഥലത്തെ സൗകര്യങ്ങളും ജീവിത സാഹചര്യങ്ങളും മെച്ചപ്പെടുത്താൻ സ്ത്രീകൾ നടത്തിയ മുന്നേറ്റത്തിന്റെയും വ്യവസായ കുത്തകകളുടെ ആധിപത്യത്തിനുമേൽ കൈവരിച്ച വിജയത്തിന്റെ ഓർമപ്പെടുത്തലാണ് അന്താരാഷ്ട്ര വനിതാദിനം. കുറഞ്ഞ വേതനത്തിലും മോശപ്പെട്ട തൊഴിൽ സാഹചര്യത്തിലും ജീവിക്കേണ്ടിവന്ന സ്ത്രീകളുടെ നിശ്ചയദാർഢ്യമാണ് അന്താരാഷ്ട്ര വനിതാദിനത്തിന്റെ ആശയത്തിന് കാരണമായത്.

1857 മാർച്ച് 8 ന് ന്യൂയോർക്കിലെ വനിതകൾ നടത്തിയ സമരവും പ്രക്ഷോഭവുമാണ് വനിതാദിനത്തിന് തുടക്കമായത്. ന്യൂയോർക്കിൽ ഉയർന്ന ഈ സമരാഗ്നി ലോകമാകെ പടർന്നുപിടിക്കാൻ അധികകാലം വേണ്ടിവന്നില്ല. 1910ൽ ഹോപ്പൽ ഹേഗൺസിൽ നടന്ന സമ്മേളനത്തിലാണ് ലോക വനിതാദിനം ആചരിക്കണമെന്ന് ആശയമുണർന്നത്. തുടർന്ന് 1911 മാർച്ചിൽ ജർമ്മനിയിലും സ്വിറ്റ്സർലാന്റിലും വനിതാദിനം ആചരിച്ചു.

1975ൽ ഐക്യരാഷ്ട്ര സഭ മാർച്ച് 8 അന്താരാഷ്ട്ര വനിതാദിനമായി പ്രഖ്യാപിച്ചു. ഓരോ വനിതാദിനവും ഓരോ മുദ്രാവാക്യവുമായാണ് ആചരിക്കപ്പെടുന്നത്. വനിതാദിനത്തോടനുബന്ധിച്ച് ഐക്യരാഷ്ട്രസഭ പുറത്തുവിടുന്ന മുദ്രാവാക്യമാണ് ലോകമൊട്ടാകെ അംഗീകരിക്കപ്പെടുന്നത്. ഇതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതികളും നയങ്ങളും രൂപപ്പെടുത്തുന്നത്. രാഷ്ട്രങ്ങൾ തങ്ങളുടെ സാമൂഹ്യ രാഷ്ട്രീയ സാഹചര്യങ്ങൾക്കനുസരിച്ച് മുദ്രാവാക്യങ്ങൾ തയാറാക്കാറുണ്ട്.

കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച് സ്ത്രീകൾ സാമ്പത്തിക, സാമൂഹിക, രാഷ്ട്രീയ മേഖലയിലെ അനുകൂല സാഹചര്യങ്ങൾ മുതലെടുത്ത് മുൻപന്തിയിലേക്ക് കടന്നുവരുന്നുണ്ടെങ്കിലും സമൂഹത്തിൽ അവർ നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾക്ക് ഇനിയും അറുതി വരുത്താനായിട്ടില്ല. വേദികൾതോറും പ്രസംഗിച്ച് ആവേശം വിതറി ഈ ഒരു ദിവസം മാത്രമായി നടത്തപ്പെടുന്ന നാടകങ്ങളല്ല, സ്ഥിരവും കാര്യക്ഷമവുമായ നടപടികളാണ് ഈ കാലഘട്ടത്തിനേറെ ആവശ്യം.

എഡിറ്റർ

*എഡിറ്റർ* : **ഷൈൻ. ടി.എ, ചീഫ് ഓഫീസർ, റൂറൽ ഇൻഫർമേഷൻ ബ്യൂറോ** • *കാമ്പയിൻ ഓഫീസർ* : **ജി. ശിശുപാലൻ**
• *അസിസ്റ്റന്റ് കാമ്പയിൻ ഓഫീസർ* : **എ. ലത്തീഫാ ബീവി** • *മാനേജർ* : **എച്ച്. വിക്രമൻ** • *കവർ & ലേ ഔട്ട് :* ***രതീഷ്***
*ചിത്രങ്ങൾക്ക് കടപ്പാട് : ഫോട്ടോഗ്രഫി വിഭാഗം, ഐ & പിആർഡി*

*ഓഫീസ് :* റൂറൽ ഇൻഫർമേഷൻ ബ്യൂറോ, സ്റ്റേറ്റ് മുനിസിപ്പൽ ഹൗസ്, വഴുതക്കാട്, ശാസ്തമംഗലം പി.ഒ, തിരുവനന്തപുരം - 695010. ഫോൺ : 0471-2317262 email : ribkerala@gmail.com

*ഗ്രാമഭൂമിയിൽ പ്രസിദ്ധീകരിക്കുന്ന രചനകളിലെ ആശയങ്ങളും അഭിപ്രായങ്ങളും ഗ്രാമവികസന വകുപ്പിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണമായ ഉത്തരവാദിത്തം ലേഖകർക്കു മാത്രമായിരിക്കും.*

വാർഷിക വരിസംഖ്യ: 12 രൂപ

'സ്ത്രീകൾക്ക് തുല്യത എല്ലാവരുടെയും പുരോഗതി' എന്നത്, കേവലം ഒരു മുദ്രാവാക്യം മാത്രമല്ല ആധുനിക പൗരസമൂഹം തിരിച്ചറിയേണ്ട അർത്ഥവത്തായ ഒരു സാമൂഹിക ചലന മന്ത്രമാണ്. മാർച്ച് 8 ദേശവ്യാപകമായി വനിതാദിനം ആഘോഷിക്കുമ്പോൾ ഈ മുദ്രാവാക്യം അതിന്റെ ആത്മശബ്ദമായി ഗ്രാമനഗരങ്ങളിൽ പുതു ചിന്താപ്രവാഹമായി പടരുകയാണ്.



# കൈവിളക്കുകൾ

**എ.ലത്തിഫാബീവി**


ഇതിഹാസ ശ്രേഷ്ഠനായ ധർമ്മപുത്രർ 'സദ്ഭരണ'മെന്നാൽ എന്താണെന്ന ചോദ്യത്തിന് "സർവ്വാഭരണ വിഭൂഷിതയും സുന്ദരിയുമായ സ്ത്രീയ്ക്ക് നിർഭയം എവിടെ സഞ്ചരിക്കാനാവുമോ അവിടെ സദ്ഭരണമുണ്ട് എന്നായിരുന്നുവത്രെ നൽകിയ മറുപടി. ഇതിഹാസങ്ങൾ ജനിക്കും മുമ്പ് തന്നെ സ്ത്രീകൾക്കും സ്ത്രീത്വത്തിനും ആദരസമുന്നതമായ സ്ഥാനമാണ് നൽകി വരുന്നത്. സ്ത്രീയേയും സ്ത്രീത്വത്തെയും അപമാനിക്കുന്നതും അനാദരിക്കുന്നതും കുറ്റകരവും വിദ്രോഹപരവുമായിട്ടാണ്

അന്നും ഇന്നും കണക്കാക്കി പോരുന്നതും. 'ഭാരതാംമ്പേ നിൻ പെൺമക്കൾ അടുക്കളക്കാരികൾ വീടാം കൂട്ടിലെ തത്തമ്മകൾ' എന്ന് അമേരിക്കൻ കവിയത്രിയായ മിസ് മേയോ കുറിച്ച നിന്ദാ വരികൾക്ക് 'അഴുക്ക് ചാൽ ഇൻസ്പെക്ടറുടെ' റിപ്പോർട്ട് എന്ന് കുറിക്ക് കൊള്ളുന്ന മറുപടിയാണ് മഹാത്മജി നൽകിയത്. സാമൂഹികമായ വളർച്ചയുടെ വികാസ ചരിത്രം തന്നെ സ്ത്രീകളുടെ സുരക്ഷിതത്വവും സുഭദ്രതതയും മുൻ നിർത്തിയാണ് വിലയിരുത്താറുള്ളത്.

സ്ത്രീകളുടെ തുല്യത എന്നത് ഇന്ന് ഏറെ വിശകലന വിധേയമായിരിക്കുന്ന ഒരു ആശയമാണ്. സ്ത്രീ എന്നും പുരുഷന്റെ നിഴൽപ്പാടിന് പിന്നിൽ ഒതുങ്ങി കഴിയേണ്ട ഒരു മനുഷ്യാകാരം മാത്രമാണെന്ന വിചാരം കാലഹരണപ്പെട്ടിരിക്കുന്നു. മനുസമൃതിയുടെ കഠിന കൽപ്പനകൾ കൊണ്ട് സാമൂഹിക രംഗങ്ങളിലെ വിവിധ തലങ്ങളിൽ ശേഷിയും ശേമുഷിയും വഴി നടന്ന് കയറി വിജയക്കൊടി പാറിക്കുന്ന വനിതാ രത്നങ്ങളുടെ വിജയഗാഥകളെ മറക്കാനാവില്ല. സ്വതന്ത്ര്യാനന്തര ഭാരതത്തിൽ സ്ത്രീ സമൂഹത്തിന്റെ ഉന്നതിയും ഉദ്ഗതിയും ലക്ഷ്യമിട്ട് നടപ്പാക്കിയ ഭരണപരവും സാമൂഹികവുമായ ബോധവല്ക്കരണ പ്രവർത്തനങ്ങൾ ഏറെയാണ്.

'സ്ത്രീകൾക്ക് തുല്യത എല്ലാവരുടെയും പുരോഗതി' എന്നത്, കേവലം ഒരു മുദ്രാവാക്യം മാത്രമല്ല ആധുനിക പൗരസമൂഹം തിരിച്ചറിയേണ്ട അർത്ഥവത്തായ ഒരു സാമൂഹിക ചലന മന്ത്രമാണ്. മാർച്ച് 8 ദേശവ്യാപകമായി വനിതാദിനം ആഘോഷിക്കുമ്പോൾ ഈ മുദ്രാവാക്യം അതിന്റെ ആത്മശബ്ദമായി ഗ്രാമ നഗരങ്ങളിൽ പുതു ചിന്താ പ്രവാഹമായി പടരുകയാണ്.

സ്ത്രീകൾക്ക് പരിഗണനയും വിവിധ രംഗങ്ങളിൽ അവർ ഏർപ്പെടുന്ന പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനവും നൽകുന്നതിനുള്ള സാമൂഹിക അവബോധം വ്യാപകവും ശക്തവുമാക്കുകയാണ് ഈ ദിനാചരണത്തിന്റെ പ്രധാന ലക്ഷ്യം. വിദ്യാഭ്യാസപരവും സാമൂഹികവുമായ ഒട്ടേറെ പരാധീനതകൾ നേരിടുന്നവരാണ് സ്ത്രീകൾ എന്ന സാമൂഹിക യാഥാർത്ഥ്യം മറക്കാനാവില്ല. ചന്തത്തിന് സഭകളിൽ സ്ത്രീകളുടെ പാവനാശീലത്വങ്ങളെക്കുറിച്ച് സുന്ദരമായി ഏറെ സംസാരിക്കുന്നവരാണ് നാം. എന്നാൽ പരിമിതികളുടെയും പലവിധ പ്രാരാബ്ധങ്ങളുടെയും ചുവരുകൾക്കുള്ളിൽ അടയ്ക്കപ്പെട്ടിരിക്കുകയാണ് അവരിന്നും എന്ന യാഥാർത്ഥ്യം നാം മറന്ന് പോകുന്നു. സ്ത്രീകൾക്കെതിരെ നടന്നുവരുന്ന വിവിധങ്ങളായ ചൂഷണങ്ങളെക്കുറിച്ച് മുമ്പത്തെക്കാളും ഏറെ ഉത്കണ്ഠയും കരുതലും സമൂഹമനസാക്ഷിയിലും ഭരണ നേതൃത്വങ്ങളിലും ശക്തമാണിന്ന്.




തൊഴിലിടങ്ങളിൽ, യാത്രാവേളകളിൽ, വീടിന്റെ അകയിടങ്ങളിൽ, എല്ലാം അരക്ഷിതത്വത്തിന്റെ ദു:ഖദുരിതങ്ങൾ പേറാൻ നിർബന്ധിതരാണ് സ്ത്രീകളിൽ നല്ലൊരുകൂട്ടം. ഈ ദുരവസ്ഥയ്ക്കെതിരെ ഒട്ടേറെ നിയമങ്ങൾ നിലവിൽ വന്ന് കഴിഞ്ഞു. ജനാധിപത്യത്തിൽ സ്ത്രിസുരക്ഷയ്ക്കും സംരക്ഷണത്തിനുമായി കർശനനിയമങ്ങൾ രൂപവത്ക്കരിച്ച് നടപ്പാക്കി വരുന്ന ഒരു രാജ്യമാണ് ഇന്ത്യ. ഭരണ നിർമ്മാണ സഭകളിൽ, സാമൂഹിക രംഗങ്ങളിൽ എല്ലാം നിയമം മൂലം സ്ത്രീ സാന്നിദ്ധ്യവും പങ്കാളിത്വവും ഉറപ്പാക്കുകവഴി രാജ്യപുരോഗതിക്ക് സ്ത്രീകളുടെ പങ്ക് എത്ര വലുതാണെന്ന സത്യം നാം തിരിച്ചറിഞ്ഞ് കഴിഞ്ഞിരിക്കുന്നു. സ്ത്രീ സംവരണം എന്ന കേവലാർത്ഥത്തിനപ്പുറം സമൂഹത്തിന്റെ പൊതുധാരയിൽ പുരുഷനൊപ്പം സ്ത്രീയും എന്ന അതിർവരമ്പുകളില്ലാത്ത തുല്ല്യതയുടെ മഹാസന്ദേശം കൂടിയാണിത്.

'അടുക്കള നന്നായാൽ എല്ലാം നന്നായി' എന്നൊരു പഴമൊഴിയുണ്ട് പതിരൊട്ടുമില്ലാത്ത ഒരു പഴമൊഴിയാണിത്. ഇത് ആധുനിക ഭവന നിർമ്മാണ മേന്മകൾ കൊണ്ട് അടുക്കള മോടി പിടിപ്പിച്ചാൽ അത് നന്നായി എന്നല്ല ഇതിനർത്ഥം. സ്ത്രീകൾ അടുക്കളയുടെ അധിപ, അവളെന്നും അവിടെ കഴിയേണ്ടവൾ എന്ന ചിന്തയുമല്ല ഈ പഴഞ്ചൊല്ലിൽ നിറയുന്നത്. വീടിന് നന്മയും മേന്മയും നൽകുന്ന സ്ത്രീരത്നങ്ങൾ അവർ നാടിനും വിളക്കാണ്. ആ വെളിച്ചം നാടിനെ ഗ്രസിക്കുന്ന ഇരുട്ടിനെ അകറ്റുന്ന സ്നേഹ വെളിച്ചമാണ്. വിദ്യാഭ്യാസപരമായും സാമൂഹികമായും നേതൃത്വപരമായും സ്ത്രീകൾ ആ ശ്രേണിയിലേക്ക് ഉയരണം. ആ ഉത്തുംഗതയിലേക്ക് അവരെ കൈപിടിച്ചാനയിക്കാൻ നമുക്കാകണം. അപ്പോഴാണ് കുമാരകവി പാടിയതുപോലെ അവർ നാടിനും വീടിനും കെടാവിളക്കുകളാകുന്നത്.●

*റൂറൽ ഇൻഫർമേഷൻ ബ്യൂറോയിൽ അസിസ്റ്റന്റ് ക്യാമ്പയിൻ ഓഫീസറാണ് ലേഖിക*



# ഗോത്രസ്ത്രീകൾ

ആർ.ഷൈനി

**മുപ്പത്തിയഞ്ച് ഗോത്രവർഗ്ഗങ്ങളെയാണ് കേരളത്തിൽ പട്ടികവർഗ്ഗവിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. തെക്കുകിഴക്കൻ വനപ്രദേശങ്ങളോടുചേർന്നാണ് ഇവരുടെ ആവാസകേന്ദ്രങ്ങൾ. വനാന്തരങ്ങളിലെ ജീവിതവും ബാഹ്യലോകവുമായുള്ള അകൽച്ചയുംമൂലം ഇവർ ആരോഗ്യപരവും വിദ്യാഭ്യാസപരവും ഉൾപ്പടെ എല്ലാകാര്യങ്ങളിലും പൊതുസമൂഹത്തിൽ നിന്നും പിന്നിലായി.**

മുഷിഞ്ഞ വസ്ത്രവും, മുറുക്കി ചുവന്ന ചുണ്ടും, പതിഞ്ഞ മൂക്കും ഇരുണ്ട നിറവും, നിസ്സഹായമായ മുഖഭാവവും - ഗോത്ര സ്ത്രീകളുടെ രൂപം ഇങ്ങനെ ചിന്തിക്കാം. ചെറുപ്രായത്തിൽതന്നെ കയ്പേറിയ ജീവിതാനുഭവങ്ങളും പട്ടിണിയും അനുഭവിച്ച് അന്നന്നത്തെ അന്നത്തിനുവേണ്ടി കഷ്ടപ്പെടുന്നവരാണ് ഭൂരിഭാഗം ഗോത്രവർഗ്ഗ സ്ത്രീകളും. തിരുനെല്ലി കാടുകളിൽ നിന്നും ആഹാരം ഉണ്ടാക്കാൻ മുളയരിശേഖരിച്ച്, കാടിന്റെ നടുവിൽ അക്രമാസക്തമായി നിന്ന കാട്ടാനകൂട്ടങ്ങളെ ഭയന്ന്, റോഡിന്റെ നടുവിലൂടെ ഓടിവന്ന ഗോത്രവർഗ്ഗസ്ത്രീകൾ അതിജീവനത്തിനായി നെട്ടോട്ടമോടുന്നവരാണ്. കേരളത്തിൽ അങ്ങോളമിങ്ങോളം നടക്കുന്ന മേളകളിൽ ഖ്യാതിനേടിയ മുളയ





ബോൾ തങ്ങളുടെ കുലത്തിൽ തന്നെയുള്ള പുരുഷന്മാരോടൊപ്പം, യാതൊരു ആചാരങ്ങൾക്കും ചടങ്ങുകൾക്കും വിധേയമാകാതെ ഒരുമിച്ചുജീവിക്കുന്നവർ. ഗർഭിണിയായി പ്രസവസമയത്ത് മറ്റുള്ളവരിൽ നിന്ന് അകറ്റി പരിചരിക്കാനും ശുശ്രൂഷിക്കാനും ആരുമില്ലാതെ സ്വയം പ്രസവിച്ച് തലമുറ നിലനിർത്തുന്നത് അവരുടെ പാരമ്പര്യ ആചാരം. ആവശ്യത്തിന് ആഹാരമോ തണുപ്പകറ്റാൻ മതിയായ വസ്ത്രമോ ഇവർക്കില്ല. കുഞ്ഞിനെ തുണിയിൽ മാറാപ്പുകെട്ടി പുറത്തിട്ടു നടക്കും. ഗോത്രവർഗ്ഗത്തിൽ ജനിച്ച് ഭാഗ്യത്തിന്റെയും സാഹചര്യത്തിന്റെയും ആനുകൂല്യങ്ങലുടെയും സഹായത്താൽ ഉന്നതവിദ്യാഭ്യാസവും ഉദ്യോഗവുംനേടിയ സ്ത്രീകളും ഭരണഘടനാപരമായ പദവികൾ വഹിക്കുന്നവരും ഗോത്രവർഗ്ഗത്തിലുണ്ട്. പ്രാകൃത ഗോത്രങ്ങളിലെ സ്ത്രീകളും പരിഷ്കൃത ഗോത്രങ്ങളിലെ സ്ത്രീകളുംതമ്മിൽ വലിയ അന്തരമാണുള്ളത്. പുരുഷന്മാരുടെ മദ്യപാനവും നിരുത്തരവാദിത്വവുമാണ് ഗോത്രസ്ത്രീകൾ നേരിടുന്ന വലിയവെല്ലുവിളികൾ.

മുപ്പത്തിയഞ്ച് ഗോത്രവർഗ്ഗങ്ങളെയാണ് കേരളത്തിൽ പട്ടികവർഗ്ഗവിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. തെക്കുകിഴക്കൻ വനപ്രദേശങ്ങളോടു ചേർന്നാണ് ഇവരുടെ ആവാസകേന്ദ്രങ്ങൾ. വനാന്തരങ്ങളിലെ ജീവിതവും ബാഹ്യലോകവുമായുള്ള അകൽച്ചയും മൂലം ഇവർ ആരോഗ്യപരവും വിദ്യാ

രിപായസത്തിന്റെ മധുരം നുകരുമ്പോൾ, വയനാടൻ മുളംങ്കാടുകളിൽനിന്നും ജീവൻപണയംവച്ച് അവശേഖരിച്ച് വിപണിയിലെത്തിക്കുന്നത് ആദിവാസി സ്ത്രീകളാണെന്ന സത്യം ആരും അറിയുന്നില്ല. ചാറ്റുപാടെന്ന പാരമ്പര്യ സംഗീതം പിടികിട്ടാത്ത ഈണത്തിൽ ചൊല്ലി കേഴ്‌വിക്കാരുടെ ശ്രദ്ധയും മനവും കവരുന്നത് കാണിക്കാർ എന്ന ഗോത്രവിഭാഗത്തിലെ സ്ത്രീകളാണ്. തിരിച്ചറിവില്ലാത്ത പ്രായത്തിൽ പ്രലോഭനത്തിൽ പെട്ട് പ്രായപൂർത്തിയാകുന്നതിനു മുൻപേ മാതൃത്വം പേറി കുഞ്ഞിനെ വളർത്താൻ പാടുപെട്ട് അനിശ്ചിതമായ ഭാവിയെ ഉറ്റുനോക്കുന്ന കൗമാരക്കാരായ മാതാക്കൾ ഗോത്രസ്ത്രീകളുടെ പ്രതിരൂപം മാത്രം. പുരുഷന്റെ കാമവെറിക്ക് ഇരയായി അപമാനഭയത്താൽ വീടിനുപുറത്തുവരാൻ കഴിയാതെ മാനസിക വിഭ്രാന്തിയിലായ പെൺകുട്ടികളും ഗോത്രസമൂഹത്തിലുണ്ട്. ഭർത്താവിന്റെ ഉപദ്രവവും പട്ടിണിയും മൂലം മനം നൊന്തും വയറുവിശന്നും മരണത്തെ അഭയം പ്രാപിച്ച ഗോത്രസ്ത്രീകൾ.

ജീവിതത്തിന്റെ തീഷ്ണയാഥാർത്ഥ്യങ്ങളിൽ വെന്തുരുകി സ്വയം ആർജ്ജിച്ച മനക്കരുത്തുമായി സമാന പാതയിലൂടെ മുന്നോട്ടുവന്ന ധീരവനിതകളും ഗോത്രവർഗ്ഗത്തിന്റെ പ്രതിനിധിതന്നെ. കാടിനുവെളിയിലുള്ള മനുഷ്യരെ കാണുമ്പോൾ കാടിനുള്ളിലേക്ക് ഓടിഒളിക്കുന്ന, ഗോത്രഭാഷമാത്രം അറിയാവുന്ന, മരങ്ങൾക്കിടയിൽ മറഞ്ഞു നിൽക്കുന്ന സ്ത്രീകൾ ഇടുക്കി വനമേഖലയിൽ വസിക്കുന്ന ഗോത്രവർഗ്ഗക്കാരാണിവർ. അക്ഷരജ്ഞാവും അറിവും ഇവർക്കില്ല. പ്രായപൂർത്തിയാകു

**കേരളത്തിൽ അങ്ങോളമിങ്ങോളം നടക്കുന്ന മേളകളിൽ ഖ്യാതിനേടിയ മുളയരിപായസത്തിന്റെ മധുരം നുകരുമ്പോൾ, വയനാടൻ മുളംങ്കാടുകളിൽനിന്നും ജീവൻപണയംവച്ച് അവശേഖരിച്ച് വിപണിയിലെത്തിക്കുന്നത് ആദിവാസി സ്ത്രീകളാണെന്ന സത്യം ആരും അറിയുന്നില്ല.**



ഭ്യാസപരവും ഉൾപ്പടെ എല്ലാകാര്യങ്ങളിലും പൊതുസമൂഹത്തിൽ നിന്നും പിന്നിലായി. പാരമ്പര്യ ആചാരങ്ങളും, അനുഷ്ഠാനങ്ങളും, കൈത്തൊഴിലുകളും, നാട്ടുചികിത്സകളും, പ്രാർത്ഥനാഗീതങ്ങളും, കലാരൂപങ്ങളും അവർക്ക് വശമാണ്. നാടൻകറികളും, ഇലവർഗ്ഗങ്ങളും പാകപ്പെടുത്തുന്നതിനും കിഴങ്ങുവർഗ്ഗങ്ങൾ കണ്ടെത്തി ശേഖരിക്കുന്നതിനും, മീൻപിടിക്കുന്നതിനും തേൻ ശേഖരിക്കുന്നതിനും, നായാടി മൃഗങ്ങളെ പിടിക്കുന്നതിനും, കൃഷിചെയ്യുന്നതിനും, ഈറ്റയും മുളയുമുപയോഗിച്ച് ഉപയോഗവസ്തുക്കൾ നിർമ്മിക്കുന്നതിനും വിവിധ ഗോത്രങ്ങളിലെ സ്ത്രീകൾക്ക് പ്രാവീണ്യമുണ്ട്. അതവരുടെ ജീവനോപാധി. എന്നാൽ ദീർഘവീക്ഷണത്തോടെ കാര്യങ്ങൾ കാണാൻ വിശേഷബുദ്ധി ഉണ്ടായിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. അതുകൊണ്ടുതന്നെ നാളേക്കുവേണ്ടി ഒന്നും തന്നെ കരുതിവയ്ക്കുന്ന സ്വഭാവം ഇവർക്കില്ല. ഗോത്രവിഭാഗങ്ങളുടെ പൊതുസ്വഭാവവും ഇതുതന്നെ.


കേരളത്തിൽ സ്വന്തമായി ഭൂമി ഇല്ലാത്ത ആദിവാസികൾ മുപ്പതിനായിരത്തോളംവരും എന്നതാണ് അനൗദ്യോഗിക കണക്ക്. കൊടിയദാരിദ്ര്യത്തിലാണ് ഇവർ കഴിയുന്നത് എന്നത് സത്യസന്ധമായ വിലയിരുത്തൽ. തൽക്കാല സാമ്പത്തിക മെച്ചത്തിനായി പ്രലോഭനങ്ങൾക്കും ചൂഷണങ്ങൾക്കും വിധേയരാകുന്നത് ദാരിദ്ര്യത്തിൽനിന്നും രക്ഷപെടാൻവേണ്ടി മാത്രമാണ് എന്ന യാഥാർത്ഥ്യം ഉൾക്കൊണ്ടേ മതിയാകൂ. പട്ടിണിയും, രോഗങ്ങളും, മരണവും ഉണ്ടാകുമ്പോൾ രക്ഷയ്ക്കായി വാസസ്ഥലത്തുനിന്നും പാലായനം ചെയ്യും ഗോത്രവർഗ്ഗക്കാർ. പൊതുസമൂഹത്തിൽ ജനങ്ങൾ ഭൂമിയും സ്വത്തുക്കളും വിറ്റ് മറ്റൊരിടത്ത് വാങ്ങികുടിയേറുമ്പോൾ ആദിവാസികൾ യാതൊന്നും ഇല്ലാതെ മറ്റൊരു വനപ്രദേശത്തേക്ക് പോകുന്നു. കേരളത്തിലെ ചില ഗോത്രവർഗ്ഗങ്ങൾ വംശനാശ ഭീഷണി നേരിടുന്നതും, അവരുടെ ജനസംഖ്യ ക്രമാതീതയമായി കുറയുന്നതും, വന്ധ്യത വർദ്ധിക്കുന്നതും ആശങ്കപ്പെടേണ്ട കാര്യമാണ്. കാടിന്റെയും മലയുടെയും ഉടമകൾ വംശനാശഭീഷണി നേരിടുന്നു എന്നത് ദുഖകരവും ഭീതി ജനകവുമാണ്.

വിവിധ ഗോത്രവർഗ്ഗങ്ങളിൽ തന്നെ ആചാരങ്ങളും ചിട്ടകളും അനുഷ്ടാനങ്ങളും വ്യത്യസ്ഥമാണ്. ഗോത്രസ്ത്രീകൾക്ക് ജീവിതത്തിൽ ഏറ്റവും വിലമതിക്കുന്ന മുഹൂർത്തം വിവാഹമാണ്. വിവാഹശേഷം ഭർത്താവിന്റെ കുടുംബത്തോടും ബന്ധുക്കളോടുമൊപ്പം ജീവിതംനയിക്കും. പരിഷ്കൃതഗോത്രങ്ങളിൽ വിവാഹശേഷം സ്ത്രീകൾ സ്വകുടുംബവുമായി വളരെ കുറവു ബന്ധമേ പുലർത്താറുള്ളൂ. ആണും പെണ്ണും ഒരുമിച്ചധ്വാനിച്ച് കുടുംബം പുലർത്തുന്ന കാഴ്ചയാണിവിടെ. ഗോത്രസമൂഹത്തിലെ കൃഷിയിൽ പ്രാവീണ്യമുള്ള പെൺകുട്ടി വിവാഹിതയായി പോകുന്നത് പെണ്ണിന്റെ കുടുംബത്തിന് നഷ്ടവും പുരുഷന്റെ കുടുംബത്തിന് ലാഭവുമാണ്. ഗോത്രവർഗ്ഗത്തിൽ സ്ത്രീധന സമ്പ്രദായം ഇല്ലായിരുന്നു. അതുകൊണ്ടുതന്നെ പെൺകുട്ടി ആ സമൂഹത്തിന് ബാധ്യതയോ ഭാരമോ അല്ല. ഉപരി അധ്വാനശീലയായ ഗോത്രസ്ത്രീ കുടുംബത്തിന് സൗഭാഗ്യമാണ്. പെൺകുട്ടികളെ ചെറുപ്രായത്തിൽ തന്നെ സദാചാരബോധവും ചാരിത്രബോധവും ഒളിഞ്ഞും തെളിഞ്ഞും ബോധ്യമാക്കിയാണ് വളർത്തപ്പെടുന്നത്. സ്വഭാവദൂഷ്യവും പേരുദോഷവും വരുത്തുന്ന പെൺകുട്ടിയെ വിവാഹം ചെയ്തയക്കാൻ കഴിയാതാകുന്നതും, സദ്സ്വഭാവവും സൗന്ദര്യവും ഒത്തിണങ്ങിയവളെ പുരുഷന്റെ കുടുംബം സുമനസ്സോടെ സ്വീകരിക്കുന്നതതും ഗോത്രവർഗ്ഗങ്ങളിൽ സാധാരണമാണ്. വിവാഹവേളയിൽ പുരുഷന്റെ ബന്ധുക്കൾ പെൺകുട്ടിയുടെ ഏറ്റവും ഉത്തരവാദിത്തപ്പെട്ട മുതിർന്ന സ്ത്രീക്ക് പുകയില നൽകി പെൺകുട്ടിയെ സ്വീകരിക്കുന്ന പാരമ്പര്യ ചടങ്ങ് പരിഷ്കൃതഗോത്രങ്ങളിൽ ഇന്നും തുടരുന്നു. അന്യജാതിയിൽപെട്ട പുരുഷനെ വിവാഹം ചെയ്ത ഗോത്രസ്ത്രീയുടെ സ്ഥാനം സമുദായത്തിന് അല്ലെങ്കിൽ ഗോത്രത്തിനു പുറത്താണ്. എന്നാൽ അന്യജാതി സ്ത്രീയെ വിവാഹം ചെയ്ത പുരുഷന് വിലക്കുകളൊന്നും കൽപിക്കാത്തത് വിവേചനവുമാണ്. ഗോത്രത്തിന്റെ തനതായ സംസ്ക്കാരം നില

**സാമൂഹികമായി അധികമൊന്നും ഗോത്രസ്ത്രീകൾ മുന്നേറിയിട്ടില്ല. ഗോത്രവിഭാഗങ്ങൾ പലതും സംഘടിതരല്ല എന്നത് അവരുടെ മുന്നോട്ടുള്ള പ്രയാണത്തിന് തടസ്സമാണ്. സംഘടിതരായ ഗോത്രസമൂഹങ്ങൾ സാമൂഹികമായും വിദ്യാഭ്യാസപരമായും, സാമ്പത്തികമായും മുന്നിലേക്കെത്തുന്നുണ്ട്.**

നിർത്തുന്നതിന് മിശ്രവിവാഹം നിരുൽസാഹപ്പെടുത്തുന്നതാണ് നല്ലത്. അതിനുള്ള ഉപാധിയാണ് ഊരുവിലക്ക്.

ഗോത്രവർഗ്ഗങ്ങൾ പ്രകൃതിശക്തികളെ ഭയപ്പെട്ടിരുന്നതിനാൽ പെൺകുട്ടികളുടെ സന്ധ്യകഴിഞ്ഞുള്ള അടിച്ചു നനച്ചു കുളി, വീടിനുപുറത്തിറങ്ങി നടക്കൽ എന്നിവ പൂർണ്ണമായും ഒഴിവാക്കും. സ്ത്രീകൾ രജസ്വല ആയാൽ വീടിനുപുറത്തുള്ള/അകത്തുള്ള പ്രത്യേക മുറിയിൽ പുരുഷന്മാരുമായും മറ്റു ജനങ്ങളുമായും യാതൊരു ബന്ധവും ഉണ്ടാവാത്തതരത്തിൽ അദൃശ്യമായി കഴിയുന്ന ആചാരം പല ഗോത്രങ്ങളിലുമുണ്ട്. മാസംതോറുമുണ്ടാകുന്ന പെൺകുട്ടിയുടെ ഈ ശാരീരിക അവസ്ഥ മുതിർന്ന സ്ത്രീകൾ ചിട്ടയായി നിരീക്ഷിച്ചുവന്നിരുന്നു. കന്യകാത്വം, പാതിവ്രത്യം എന്നിവ കാത്തുസൂക്ഷിക്കുന്നതിന് പെൺകുട്ടിക്കു ലഭിക്കുന്ന പരിശീലനമാണിത്. കുടുംബത്തിൽ പുരുഷൻ തന്നെയാണ് മേൽക്കോയ്മ എങ്കിലും സ്ത്രീകൾക്കും പല ഗോത്രങ്ങളിലും തുല്യപ്രാധാന്യമാണ് നൽകുന്നത്. പാരമ്പര്യമായി പുരുഷനുവിധേയമായി കഴിയുന്ന ശീലമാണ് സ്ത്രീകൾക്കുള്ളത്. ദാമ്പത്യജീവിതത്തിൽ ഗോത്രസ്ത്രീകൾ മറ്റേതൊരു പരിഷ്കൃത സമൂഹത്തിലെ സ്ത്രീകളെക്കാളും സുരക്ഷിതരാണ് എന്നു പറയാം. മറ്റൊരു സമൂഹത്തിലും സ്ത്രീ പുരുഷ തുല്യത ഇത്രയുണ്ടെന്നു പറയാനാവില്ല. വീടും പരിസരവും വൃത്തിയായും ശുദ്ധിയായും സൂക്ഷിക്കുന്നതിന് മുതിർന്ന സ്ത്രീകൾ അതീവ ശ്രദ്ധാലുക്കളാണ്. സദാചാരങ്ങളെയും, അനുഷ്ഠാനങ്ങളെയും, കീഴ്വഴക്കങ്ങളെയും മറികടക്കുന്നതിനും, എതിർക്കുന്നതിനും ഗോത്ര സ്ത്രീകൾ മുതിരാറില്ല. പരിഷ്ക്കാരങ്ങളെക്കുറിച്ചും, പരിഷ്കൃത ജീവിതത്തെക്കുറിച്ചും ഗൗനിക്കാറുമില്ല. സൗന്ദര്യസംരക്ഷണത്തിനും പ്രാധാന്യം നൽകാറുമില്ല. ആഹാരം, വസ്ത്രം, കുടിവെള്ളം, പാർപ്പിടം എന്നിങ്ങനെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിനെക്കുറിച്ചുമാത്രമാണ് ഗോത്രസ്ത്രീകൾ ചിന്തിക്കുന്നത്. അവർക്ക് സുന്ദരഭാവിയെക്കുറിച്ച് സ്വപ്നങ്ങളുണ്ടോ എന്ന് ആരും അന്വേഷിച്ചിട്ടില്ല. ഒരുപക്ഷെ കുടുംബം സംരക്ഷിക്കുന്ന ഭർത്താവും, വയറുനിറയെ ഭക്ഷണവും, കിടക്കാനൊരു കൂരയും, കുട്ടികളും മാത്രമാവും അവരുടെ ഏറ്റവും വലിയ സ്വപ്നം. ഈ സ്വപ്നം സാക്ഷാൽക്കരിച്ചാൽ അവർ ശാക്തീകരിക്കപ്പെട്ടു.



സംസ്ക്കാരസമ്പന്നരും, സംഘടിതരുമായ ഗോത്രങ്ങളിൽ ചെറുപ്രായത്തിലുള്ള വിവാഹം അപൂർവ്വമാണ്. പിന്നോക്കം നിൽക്കുന്ന ഗോത്രങ്ങളിൽ സ്ഥിതി നേരെ വിപരീതവും. സ്ത്രീ വിധവയായാൽ പുനർവിവാഹവും സാധ്യമാണ്. സ്ത്രീകളുടെ പ്രവർത്തനമേഖല വീടിന്റെ അകത്തളങ്ങളിലും പിന്നാമ്പുറത്തുമാണെങ്കിലും പുരുഷന്റെ മേൽ സ്ത്രീക്ക് നിയന്ത്രണാധികാരമുണ്ട് എന്നത് കുടുംബബന്ധം ശക്തമാണ് എന്നതിന്റെ തെളിവാണ്. പാതിവ്രത്യത്തിന്റെ ശക്തിയും വിശ്വാസവുമാവാം ഇതിനടിസ്ഥാനം. പെൺഭ്രൂണഹത്യയും, സ്ത്രീധന സമ്പ്രദായവും തമ്മിൽ ഗാഢബന്ധം നിലനിൽക്കുന്നതിനാലാവാം ഇവ രണ്ടും ഗോത്രവർഗ്ഗങ്ങളിൽ ഇല്ലാത്തത്. സ്ത്രീകൾക്ക് കുടുംബത്തിലും സമൂഹത്തിലും തങ്ങളുടെ സ്ഥാനവും പുരുഷന് അവരുടെ സ്ഥാനവും അതാണ് നാട്ടുനടപ്പ്. സൗന്ദര്യവും സ്വഭാവഗുണവും ഒത്തിണങ്ങിയ ഗോത്രസ്ത്രീ സൗഭാഗ്യവതിയാണ് എന്നുതന്നെ പറയാം. സ്ത്രീക്ക് അഭിപ്രായ സ്വാതന്ത്ര്യവും ഗോത്രവർഗ്ഗത്തിലുണ്ട്. ഏതാനും ആദിവാസി വിഭാഗങ്ങളിൽ പുരുഷനെക്കാൾ കൂടുതൽ വിദ്യാഭ്യാസത്തിൽ താൽപര്യം കാണിക്കുന്നത് സ്ത്രീകളാണെന്നത് വരുംതലമുറയിൽ വരുന്ന മാറ്റത്തിന്റെ സൂചനയാണ്. ഉന്നതവിദ്യാഭ്യാസം നേടിയ സ്ത്രീക്ക് സ്വകുടുംബത്തിലും സമൂഹത്തിലും മാന്യസ്ഥാനവും ബഹുമാനവും അംഗീകാരവും ലഭിക്കുന്നു എന്നത് ഗോത്രസമൂഹത്തിന്റെ സ്ത്രീശാക്തീകരണത്തിന് വഴിതെളിക്കും.

സാമൂഹികമായി അധികമൊന്നും ഗോത്രസ്ത്രീകൾ മുന്നേറിയിട്ടില്ല. ഗോത്രവിഭാഗങ്ങൾ പലതും സംഘടിതരല്ല എന്നത് അവരുടെ മുന്നോട്ടുള്ള പ്രയാണത്തിന് തടസ്സമാണ്. സംഘടിതരായ ഗോത്രസമൂഹങ്ങൾ സാമൂഹികമായും വിദ്യാഭ്യാസപരമായും, സാമ്പത്തികമായും മുന്നിലേക്കെത്തുന്നുണ്ട്. തൊഴിലുറപ്പ്പദ്ധതി, സ്വയംസഹായസംഘങ്ങൾ, അയൽക്കൂട്ടങ്ങൾ, ശുചിത്വപരിപാടികൾ, സഹകരണസംഘങ്ങൾ എന്നിവയിലൂടെ ഗോത്രസ്ത്രീകളെ സംഘടിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നത് കേരളസമൂഹത്തിനുതന്നെ അഭിമാനിക്കാവുന്ന കാര്യമാണ്. സത്യസന്ധതയുടെയും നിഷ്കളങ്കതയുടെയും പ്രതിരൂപങ്ങളായ ഗോത്രസ്ത്രീകളെ പൂർണ്ണമായും സംഘടിപ്പിക്കുന്നതിനും, വരുമാനം ലഭ്യമാക്കുന്നതിനും കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിനും സാധിച്ചാൽ അവരുടെ ജീവിതം വെളിച്ചവും സന്തോഷവുമുള്ളതുമാകുമെന്നതിൽ സംശയിക്കേണ്ടതില്ല.●

---

*ഗ്രാമവികസന കമ്മീഷണറേറ്റിലെ സ്റ്റേറ്റ് കോ-ഓർഡിനേറ്റർ (ഡബ്ല്യു & സി.പി) ആണ് ലേഖിക*




# കുടുംബശ്രീ സ്ത്രീകൾക്കുള്ള ദീപനാളം

ഗീത ഫിലിപ്പ്

സ്ത്രീയെ മാറ്റി നിർത്തി സമൂഹത്തെക്കുറിച്ച് ചിന്തിക്കുക അസാധ്യമാണ്. ദാരിദ്ര നിർമാർജ്ജനവും സ്ത്രീ ശാക്തീകരണവും മുൻനിർത്തി കേരള സംസ്ഥാന സർക്കാർ ആരംഭിച്ച വികസന മാതൃകയായ കുടുംബശ്രീ 14 ജില്ലകളിലായി 40 ലക്ഷം സ്ത്രീകളുടെയും 9 ലക്ഷം കുട്ടികളുടെയും ഒരു ബൃഹത്തായ ശൃംഖലയായി വികാസം പ്രാപിച്ചിട്ടുണ്ട്. സ്ത്രീ ശാക്തീകരണത്തിന് വേണ്ട മാറ്റങ്ങളായ ലഘുസമ്പാദ്യം, ചെറുകിട സംരംഭം, സംഘകൃഷി തുടങ്ങിയ വിവിധ വാതിലുകൾ ഓരോ കുടുംബത്തിനും തുറന്നുകാട്ടി സജീവ സാന്നിധ്യമായി മാറിക്കഴിഞ്ഞിരിക്കുകയാണ് ഇന്ന് കുടുംബശ്രീ പ്രസ്ഥാനം.

സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സമൂഹത്തിൽ തങ്ങളുടെ സ്ഥാനം എന്തെന്ന തിരിച്ചറിവ് നൽകി അവ നേടിയെടുക്കാൻ സ്ത്രീകളെ പ്രാപ്തരാക്കാൻ സ്ത്രീകളുടെ പ്രസ്ഥാനമെന്ന നിലയിൽ നിലവിലെ സംവിധാനങ്ങളോടൊപ്പം സ്ത്രീകളുടെ പൂർണ്ണസുരക്ഷയുടെ ഉത്തരവാദിത്വവും ഏറ്റെടുത്ത് അർത്ഥപൂർണ്ണമാവുകയാണ് കുടുംബശ്രീ.

വിദ്യാഭ്യാസം, സാക്ഷരത, ആരോഗ്യം, ശിശുപരിചരണം, സ്ത്രീകളുടെ രാഷ്ട്രീയ പങ്കാളിത്തം എന്നിവയിലെല്ലാം നമ്മുടെ സംസ്ഥാനം മുൻപന്തിയിലാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. എന്നാൽ മനുഷ്യാവകാശങ്ങളായ സാമൂഹിക തുല്യത, നീതി എന്നിവ പല സാഹചര്യങ്ങളിലും സ്ത്രീകൾക്കും കുട്ടികൾക്കും നിഷേധിക്കപ്പെടുന്നു. നിലവിലെ അസമത്വങ്ങൾ ഇല്ലാതാക്കി അടിസ്ഥാന അവകാശങ്ങൾ ഉറപ്പ് വരുത്തി ഒരു നവസമൂഹ സൃഷ്ടിക്കായി പ്രവർത്തിച്ച് വരികയാണ് കുടുംബശ്രീ പ്രസ്ഥാനം. ഈ സാഹചര്യത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ പ്രതിരോധിക്കുന്നതിനും അവബോധപ്രവർത്തനങ്ങൾ നടത്തുന്നതിനും അതിക്രമങ്ങൾക്ക് ഇരയായവർക്ക് സംരക്ഷണവും പുനരധിവാസവും നൽകുന്നതിനായാണ് 'സ്നേഹിത' ജെന്റർ ഹെൽപ്പ് ഡസ്ക് ആരംഭിച്ചത്.



**കുട്ടികൾക്കിടയിൽ സമ്പാദ്യശീലം വളർത്തുകയും കുട്ടികളുടെ വ്യക്തിത്വവികസനത്തെ പ്രോത്സാഹിപ്പിക്കുകയും അങ്ങനെ സമൂഹത്തിന്റെ ഉന്നതിയിലേക്ക് കൊണ്ടുവരികയും അതുവഴി ഒരു പുതിയ തലമുറയെയും പുതിയ സമൂഹത്തെയും വാർത്തെടുക്കാൻ ബാലസഭയിലൂടെ കഴിയുന്നു.**

ഏതെങ്കിലും തരത്തിലുള്ള അതിക്രമങ്ങൾക്കും ചൂഷണങ്ങൾക്കും ഇരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും അടിയന്തിര സഹായവും മാർഗ്ഗനിർദ്ദേശവും പിൻതുണയും നിയമ സഹായവും അവശ്യഘട്ടങ്ങളിൽ താത്ക്കാലിക താമസസൗകര്യങ്ങളും നൽകുക എന്നതാണ് സ്നേഹിതയുടെ പ്രധാന ലക്ഷ്യങ്ങൾ. 24 മണിക്കൂറും സ്നേഹിതയുടെ സേവനം ലഭ്യമാണ്.സമൂഹത്തിൽ ഒറ്റപ്പെടുന്നവർക്കും നിരാലംബർക്കും പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്ന സ്ത്രീകൾക്കും കുട്ടികൾക്കും എല്ലാതരത്തിലുള്ള പിൻതുണയും സഹായവും നൽകുന്ന ഒരിടമാണ് സ്നേഹിത.



**സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ പ്രതിരോധിക്കുന്നതിനും അവബോധപ്രവർത്തനങ്ങൾ നടത്തുന്നതിനും അതിക്രമങ്ങൾക്ക് ഇരയായവർക്ക് സംരക്ഷണവും പുനരധിവാസവും നൽകുന്നതിനായാണ് സ്നേഹിത ജെന്റർ ഹെൽപ്പ് ഡസ്ക് ആരംഭിച്ചത്.**



സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷിതയാത്ര ഒരുക്കി കുടുംബശ്രീ വനിതകൾ തന്നെ സാരഥികൾ ആകുന്ന കുടുംബശ്രീ ട്രാവൽസും ഒപ്പം ചേരുമ്പോൾ സുരക്ഷയുടെ പൂർണ്ണ ഉത്തരവാദിത്വം ഏറ്റെടുത്ത് കഴിഞ്ഞെന്ന് ഉറപ്പാക്കുന്നു. വരുമാനദായക പ്രവർത്തനങ്ങളായ കുടുംബശ്രീ ഉത്പ്പന്നങ്ങളുടെയും കഫേ കുടുംബശ്രീയുടെയും വിപണി വിപുലീകരിച്ചും വൈവിധ്യവത്ക്കരിച്ചും കെട്ടുറപ്പുള്ളതാക്കി മാറിക്കൊണ്ടിരിക്കുകയാണ്. സ്ത്രീ പദവി സ്വയം പഠന പ്രക്രിയയിലൂടെ സാമ്പത്തിക ശാക്തീകരണ പ്രവർത്തനങ്ങൾ സുസ്ഥിരമാക്കിയും സ്ത്രീകളുടെ അവകാശങ്ങൾ തിരിച്ചറിയുന്നതിനും ചോദിച്ച് വാങ്ങുന്നതിനും അനീതികളെ തുറന്ന് കാട്ടുന്നതിനും അക്രമങ്ങളെ എതിർക്കുന്നതിനുമുള്ള കരുത്ത്നേടുകയും ചെയ്തു.

കുട്ടികൾക്കിടയിൽ സമ്പാദ്യശീലം വളർത്തുകയും കുട്ടികളുടെ വ്യക്തിത്വവികസനത്തെ പ്രോത്സാഹിപ്പിക്കുകയും അങ്ങനെ സമൂഹത്തിന്റെ ഉന്നതിയിലേക്ക് കൊണ്ടുവരികയും അതുവഴി ഒരു പുതിയ തലമുറയെയും പുതിയ സമൂഹത്തെയും വാർത്തെടുക്കാൻ ബാലസഭയിലൂടെ കഴിയുന്നു.

പഴയകാല ജന്മി വ്യവസ്ഥയിൽ നിന്നും അടിമത്വത്തിൽ നിന്നും കാലത്തിന്റെ മാറ്റത്തിനനുസരിച്ച് സമൂഹത്തിന്റെ മുൻ നിരയിലേക്ക് പരമാവധി എത്തിച്ചേരാൻ ഇന്നത്തെ സ്ത്രീകൾക്ക് കുടുംബശ്രീ എന്ന മഹത്തായ സംരംഭത്തിലൂടെ കഴിഞ്ഞു. കഴിഞ്ഞകാലങ്ങളിൽ പുരുഷന്മാർക്ക് മാത്രം മേൽക്കോയ്മ ഉണ്ടായിരുന്ന ഓരോജോലികളും ഇന്ന് സ്ത്രീകൾ മുൻകൈയെടുത്ത് കുടുംബശ്രീയുടെ സഹായത്താൽ (വായ്പ, യന്ത്രങ്ങൾ) ചെയ്ത് സമൂഹത്തിനും കുടുംബത്തിനും മാതൃകയാകുന്നു. കൃഷിയെ പ്രോത്സാഹിപ്പിക്കാൻ വേണ്ടി സ്ത്രീകൾക്കായി JLG വഴി കുറഞ്ഞ പലിശനിരക്കിൽ വായ്പകൾ അനുവദിക്കുകയും പാട്ടഭൂമി കൃഷി പ്രോത്സാഹിപ്പിക്കുകയും സമൂഹത്തെ പുരോഗതിയിലേക്ക് നയിക്കുകയും ചെയ്യുന്നു.



സാമൂഹ്യസുരക്ഷാ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതിനു സമൂഹത്തിലെ ദരിദ്രരിൽ ദരിദ്രരായവർക്കും പാർശ്വവത്കരിക്കപ്പെട്ടവർക്കും അർഹിക്കുന്ന സാമൂഹിക നീതിയും സുരക്ഷയും ഉറപ്പാക്കുന്നതിന് ഇനിയും ഏറെ മുന്നോട്ട് സഞ്ചരിക്കാനും ലക്ഷ്യങ്ങൾ കൈവരിക്കാനും കുടുംബശ്രീ പ്രസ്ഥാനത്തിലൂടെ സാധ്യമാവട്ടെ.●

*കുടുംബശ്രീയിലെ ഡിസ്ട്രിക്ട് മിഷൻ കോ-ഓർഡിനേറ്ററാണ് ലേഖിക*

# അന്നമൂട്ടാൻ ഇനി അംബരചുംബി കൃഷിയും

സുരേഷ് മുതുകുളം

**കാർഷിക രംഗത്ത് നടക്കാൻ പോകുന്ന അല്ലെങ്കിൽ നടക്കാൻ തയ്യാറെടുക്കുന്ന അത്യാധുനിക കൃഷിമാതൃക എന്നു തന്നെ അംബരചുംബികൃഷിയെ വിശേഷിപ്പിക്കാം. ഇന്നല്ലെങ്കിൽ നാളെ ഏറിയും കുറഞ്ഞും ഇത് വ്യത്യസ്ത മാതൃകകളിൽ ലോകത്ത് വിവിധ സ്ഥലങ്ങളിൽ യാഥാർത്ഥ്യമാകും.**

അംബരചുംബിയായ കൂറ്റൻ കെട്ടിടത്തിന്റെ ഒന്നാം നിലയിൽ കൂൺകൃഷി, രണ്ടാം നിലയിൽ പച്ചക്കറികൾ, മൂന്നാം നിലയിൽ പഴവർഗ്ഗകൃഷി, തുടർന്ന് നെല്ല്, ഗോതമ്പ്, മീൻ, കോഴി, ആടുമാടുകൾ ഇങ്ങനെ പതിനെട്ടു നിലകളിലായി വിവിധ വിളകൾ കൃഷി ചെയ്തിരിക്കുന്നു! അത്ഭുതകരമായ ഇത്തരമൊരു കൃഷിസമ്പ്രദായത്തെക്കുറിച്ച് നിങ്ങൾ എപ്പോഴെങ്കിലും ആലോചിച്ചിട്ടുണ്ടോ? ഒരു കാര്യം കൂടെ വ്യക്തമാക്കാം; ഈ പതിനെട്ടു നിലക്കെട്ടിടത്തിൽ നടത്തുന്ന കൃഷി കൊണ്ട് ഒരു ചെറിയ നഗരത്തിലെ 50,000 പേർക്ക് സുഭിക്ഷമായി, ഭക്ഷണം കഴിച്ചു കഴിയാം. ഈ സംരംഭമാണ് 'അംബരചുംബി കൃഷി' അഥവാ 'ലംബകൃഷി' (Vertical Farming) എന്നറിയപ്പെടുന്നത്. കാർഷിക രംഗത്ത് നടക്കാൻ പോകുന്ന അല്ലെങ്കിൽ നടക്കാൻ തയ്യാറെടുക്കുന്ന അത്യാധുനിക കൃഷിമാതൃക എന്നു തന്നെ അംബരചുംബികൃഷിയെ വിശേഷിപ്പിക്കാം. ഇന്നല്ലെങ്കിൽ നാളെ ഏറിയും



കുറഞ്ഞും ഇത് വ്യത്യസ്ത മാതൃകകളിൽ ലോകത്ത് വിവിധ സ്ഥലങ്ങളിൽ യാഥാർഥ്യമാകും.

## അല്പം ചരിത്രം

അംബരചുംബികൃഷി യഥാർത്ഥത്തിൽ ഒരു പുതിയ ആശയമല്ല. തെക്കേ അമേരിക്കയിൽ പരമ്പരാഗത കർഷകർ ലംബമാനമായ വീതിയിൽ വിവിധ തട്ടുകൾ തിരിച്ച് കൃഷിയിറക്കിയിരുന്നതും പൂർവേഷ്യൻ പ്രദേശങ്ങളിൽ കുത്തനെ ചരിഞ്ഞ സ്ഥലങ്ങൾ 'ടെറസുകളാക്കി' നെൽകൃഷി ചെയ്തിരുന്നതും ഒക്കെ ലംബകൃഷിയുടെ പൂർവമാതൃകകളായിരുന്നു എന്നു പറയാം. ആഗോളതലത്തിൽ ജനസംഖ്യയിലുണ്ടായ ഗണ്യമായ വർദ്ധനയും പ്രകൃതിവിഭവങ്ങളുടെ ലഭ്യതയിൽ വന്ന നിർണായകമായ കുറവുമാണ് ഈ പ്രാചീനമാതൃകയുടെ പുനരുജ്ജീവനത്തിനും ആധുനികവത്ക്കരണത്തിനും പ്രേരകമായത്. 1915 ൽ അമേരിക്കൻ ഭൂഗർഭശാസ്ത്രജ്ഞനായ ഗിൽബെർട്ട് എല്ലിസ്ബെയിലി ആണ് 'ലംബകൃഷി' എന്നർഥത്തിൽ വെർട്ടിക്കൽ ഫാമിങ് എന്ന പദത്തിന് രൂപം നൽകുന്നത്. അന്നുമതൽ ശില്പികളും ശാസ്ത്രജ്ഞരും ഈ പുത്തൻ ആശയത്തിന്റെ വിവിധ വശങ്ങൾ പഠനവിധേയമാക്കി. ന്യൂയോർക്കിൽ കൊളംബിയ സർവകലാശാലയിലെ പ്രമുഖ പരിസ്ഥിതിശാസ്ത്രജ്ഞനായ പ്രൊഫ: ഡിക്സൺ ഡെസ്പോമിയർ ആണ് ഇതേക്കുറിച്ച് പ്രായോഗികതലത്തിൽ ഏറെ ചിന്തിച്ചതും പ്രവർത്തിച്ചതും. ഒരിഞ്ചുകൃഷിസ്ഥലം പോലും അധികം ലഭിക്കാൻ സാധ്യതയില്ലാത്ത സാഹചര്യത്തിൽ മാൻഹട്ടൻ നഗരത്തിലെ കെട്ടിടങ്ങളുടെ മട്ടുപ്പാവിൽ ലഭിക്കുന്ന സ്ഥലത്ത് കൃഷിയിറക്കി അവിടത്തെ ജനങ്ങളെ മുഴുവൻ തീറ്റിപ്പോറ്റാനാകുമോ എന്ന് ഡെസ്പോമിയർ തന്റെ ക്ലാസിലെ ഉത്സാഹശാലികളായ വിദ്യാർത്ഥികളോട് ഒരിക്കൽ ചോദിച്ചു. ലഭ്യമായ എല്ലാ കെട്ടിടങ്ങളുടെയും മട്ടുപ്പാവിൽ നെല്ല് കൃഷി ചെയ്താലും മാൻഹട്ടൻ നഗരത്തിലെ ആകെ ജനസംഖ്യയുടെ വെറും രണ്ടു ശതമാനം പേരെ മാത്രമേ തീറ്റിപ്പോറ്റാൻ കഴിയൂയെന്ന് വിദ്യാർത്ഥികൾ കണക്കുകൂട്ടി കണ്ടെത്തി. ഒരർഥത്തിൽ ഈ ചോദ്യവും ഉത്തരവും അവർ ഒരു വെല്ലുവിളിയായി സ്വീകരിക്കുകയായിരുന്നു.

മട്ടുപ്പാവിൽ വിളകൾ വളർത്താൻ കഴിഞ്ഞാൽ അതേ സാങ്കേതിക തന്ത്രം



**30 നിലകളുള്ള ഒരു അംബരചുംബി കെട്ടിടത്തിൽ വിവിധ വിളകൾ വളർത്തിയാൽ മാൻഹട്ടനിലെ 50,000 പേർക്ക് സുഭിക്ഷമായി ഭക്ഷണം കഴിക്കാം. ഇതുപോലെയുള്ള 160 കെട്ടിടങ്ങളിൽ കൃഷി ചെയ്യുകവഴി ന്യൂയോർക്ക് നഗരത്തെയാകെ ആണ്ടുവട്ടം തീറ്റിപ്പോറ്റാനുള്ള കാർഷികോത്പന്നങ്ങൾ അനായാസം തയ്യാറാക്കാൻ കഴിയും! ഒരർഥത്തിൽ ഈ കണ്ടെത്തലായിരുന്നു അംബരചുംബികൃഷി എന്ന ആശയത്തിന്റെ അടിത്തറ.**

പ്രയോജനപ്പെടുത്തി എന്തുകൊണ്ട് കെട്ടിടങ്ങൾക്കുള്ളിൽ വിളകൾ വളർത്തിക്കൂടാ? ഇതായി ഡെസ്പോമിയറുടെയും വിദ്യാർത്ഥികളുടെയും ചിന്ത. വീണ്ടും അവർ കൂട്ടലും കിഴിക്കലുമായി പല ദിവസങ്ങൾ തള്ളിവിട്ടു. ഒടുവിൽ അതിസാധ്യതകളുള്ള ആ നൂതനപരിഹാരം അവർ കണ്ടെത്തുകയും ചെയ്തു. 30 നിലകളുള്ള ഒരു അംബരചുംബി കെട്ടിടത്തിൽ വിവിധ വിളകൾ വളർത്തിയാൽ മാൻഹട്ടനിലെ 50,000 പേർക്ക് സുഭിക്ഷമായി ഭക്ഷണം കഴിക്കാം. ഇതുപോലെയുള്ള 160 കെട്ടിടങ്ങളിൽ കൃഷി ചെയ്യുകവഴി ന്യൂയോർക്ക് നഗരത്തെയാകെ ആണ്ടുവട്ടം തീറ്റിപ്പോറ്റാനുള്ള കാർഷികോത്പന്നങ്ങൾ അനായാസം തയ്യാറാക്കാൻ കഴിയും! ഒരർഥത്തിൽ ഈ കണ്ടെത്തലായിരുന്നു അംബരചുംബികൃഷി എന്ന ആശയത്തിന്റെ അടിത്തറ.

## അംബരചുംബികൃഷി എന്ത്? എന്തിന്?

കൃഷിയാവശ്യത്തിന് ഒരു തുണ്ടുഭൂമിപോലും ലഭിക്കാൻ തെല്ലും സാധ്യതയില്ലാത്ത നഗരങ്ങളിലെ ഉയർന്ന കെട്ടിടങ്ങളിൽ വിവിധ വിളകളും ചെടികളും ശാസ്ത്രീയമായി വളർത്തുന്ന പ്രവൃത്തിയാണ് 'അംബരചുംബികൃഷി' അഥവാ 'വെർട്ടിക്കൽ ഫാമിങ്'. നഗരപ്രദേശങ്ങളിൽ നിലവിലുള്ള ഭക്ഷണകാര്യത്തിലെ പരാശ്രയത്വം ഒഴിവാക്കുവാനാണ് ഇതു ലക്ഷ്യമിടുന്നത്. ഹൈഡ്രോപോണിക്സ് (മണ്ണില്ലാകൃഷി), അക്വാപോണിക്സ് (ജലക്കൃഷി) എന്നീ സാങ്കേതികങ്ങളാണ് ഇവിടെ അനുവർത്തിക്കുക. ഈ കൃഷി നടത്തുന്ന ഉയർന്ന കെട്ടിടങ്ങളെ സാങ്കേതികമായി അംബരചുംബികൾ (Sky

Scrapers) എന്നല്ല 'ഫാം സ്ക്രേപ്പേഴ്സ്' എന്നാണ് വിശേഷിപ്പിക്കുന്നത്. അംബരചുംബികളായ കൃഷിത്തോട്ടങ്ങൾ എന്നാണിതിനർത്ഥം. ഐക്യരാഷ്ട്രസംഘടന (UN) യുടെ കണക്കുകളനുസരിച്ച് 2050 ആകുമ്പോഴേക്കും ലോകജനസംഖ്യ ഒമ്പതുലക്ഷം കോടിയായി വർദ്ധിക്കും. ഇത്രയും പേർക്ക് ആഹാരാവശ്യത്തിന് ഇന്നുള്ളതിന്റെ 70% ഭക്ഷ്യോത്പാദനം വർദ്ധിക്കേണ്ടതുണ്ട്. എന്നാൽ ഇതിനുള്ള സ്ഥലം നിലവിൽ ലഭ്യമല്ല. ഈ സാഹചര്യത്തിലാണ് അംബരചുംബികളായ കെട്ടിടങ്ങളെ ഉചിതമായ സാങ്കേതികസഹായത്തോടെ കൃഷിത്തോട്ടങ്ങളാക്കി മാറ്റുന്നതിനെക്കുറിച്ചുള്ള ചിന്തകൾ സജീവമാകുന്നത്. സസ്യ-ജന്തുജാലങ്ങളുടെ വൻതോതിലുള്ള കരുതലും പരിപാലനവുമാണ് ഇവിടെ ലക്ഷ്യമിടുന്നത്. അനുദിനം വർദ്ധിച്ചുവരുന്ന ജനസംഖ്യയ്ക്കാനുപാതികമായി വേണ്ടത്ര ഭക്ഷ്യപദാർത്ഥങ്ങൾ ഉത്പാദിപ്പിക്കാൻ ഇതോ ഇതിനോടു സമാനമായ ഇതരമാർഗ്ഗങ്ങളോ മാത്രമേ പോംവഴിയുള്ളൂവെന്നതാണ് വാസ്തവം.

### മേന്മകളേറെ

പരമ്പരാഗതകൃഷിരീതികളെയപേക്ഷിച്ച് അംബരചുംബി കൃഷിക്ക് മേന്മകൾ നിരവധിയാണ്. ഇതിലാദ്യത്തേത് ആണ്ടുവട്ടം ഇതിൽ നിന്ന് ഇടതടവില്ലാതെ വിളവെടുക്കാം എന്നതു തന്നെ. ഒരേക്കർ സ്ഥലത്ത് നടത്തുന്ന അംബരചുംബി കൃഷി നമ്മുടെ സാധാരണ മണ്ണിലെ നാലു മുതൽ ആറേക്കറിന് തുല്യമാണ് എന്ന് മൂല്യപ്പെടുത്തിയിരിക്കുന്നു. ചില വിളകളുടെ കാര്യത്തിൽ ഇത് 30 ഇരട്ടിവരെ പോകും. മാത്രവുമല്ല ഇതിൽ നിന്നുള്ള ഉത്പ്പന്നങ്ങൾ ദൂരത്തേക്കെങ്ങും പോകേണ്ടിവരുന്നില്ല. വളർത്തുന്നിടത്തും വച്ചു തന്നെയാണ് വില്പനയും നടത്തുക. അതുകൊണ്ടു തന്നെ ഉത്പന്നങ്ങളുടെ നഷ്ടവും കേടുപാടും ഗണ്യമായി കുറയുകയും ചെയ്യുന്നു. ഇനി ഇതിൽത്തന്നെ അധികം ഉയരത്തിൽ വളരാത്ത കുള്ളൻ ഇനങ്ങൾ (Dwarf varieties) ആണ് വളർത്തുന്നതെങ്കിൽ 30 നിലകളുള്ള ഒരു കൃഷിഭവനത്തിൽ നിന്ന് ഏതാണ്ട് 2400 ഏക്കറിൽ നിന്നുള്ള വിളവിന് സമാനമായ വിളവു തന്നെ ഉത്പാദിപ്പിക്കുവാൻ കഴിയും എന്ന് ഡെസ്പോമിയർ സമർത്ഥിച്ചിട്ടുണ്ട്. ഗോതമ്പു പോലുള്ള ധാന്യവിളകളുടെ കുള്ളൻ ഇനങ്ങൾ ഇത്തരത്തിൽ വളർത്താം.



**എത്ര നിലകളുള്ളതായാലും ഒരു അംബരചുംബികൃഷിത്തോട്ടം സുഗമമായി പ്രവർത്തിക്കാൻ ചില അടിസ്ഥാന ഘടകങ്ങൾ നിർബന്ധമാണ്. കൃഷിത്തോട്ടത്തിനു വേണ്ടത്ര ഊർജ്ജം സംഭരിച്ചു നൽകുന്ന സൗരോർജ്ജ പാനലുകൾ വായുഗതി നിയന്ത്രിക്കുന്ന wind spire അഥവാ വായൂശൃംഗം, മഴയും മറ്റും തടയുന്ന കണ്ണാടിപ്പാളികൾ, പരിസ്ഥിതി നിയന്ത്രണത്തിനുതകുന്ന കൺട്രോൾ റൂം തുടങ്ങിയവയാണിവ.**

### പ്രവർത്തന ഘടകങ്ങൾ

എത്ര നിലകളുള്ളതായാലും ഒരു അംബരചുംബികൃഷിത്തോട്ടം സുഗമമായി പ്രവർത്തിക്കാൻ ചില അടിസ്ഥാന ഘടകങ്ങൾ നിർബന്ധമാണ്. കൃഷിത്തോട്ടത്തിനു വേണ്ടത്ര ഊർജ്ജം സംഭരിച്ചു നൽകുന്ന സൗരോർജ്ജ പാനലുകൾ വായുഗതി നിയന്ത്രിക്കുന്ന wind spire അഥവാ വായൂശൃംഗം, മഴയും മറ്റും തടയുന്ന കണ്ണാടിപ്പാളികൾ (glass panels), പരിസ്ഥിതി നിയന്ത്രണത്തിനുതകുന്ന കൺട്രോൾ റൂം തുടങ്ങിയവയാണിവ.

### നേട്ടങ്ങൾ

- ആണ്ടുവട്ടം വിളവുത്പാദനം
- കാലാവസ്ഥാവ്യതിയാനം ബാധിക്കുന്നില്ല
- വരൾച്ച, വെള്ളപ്പൊക്കം, കീട-രോഗ ഭീഷണികൾ ഒട്ടുമില്ല
- സമ്പൂർണ്ണ ജൈവകൃഷി പ്രായോഗികമാക്കാം
- ജലത്തിന്റെ പുനരുപയോഗം സാധ്യമാക്കുന്നു
- കൃഷിയിടത്തിലെ വെള്ളം റീസൈക്കിളിങ് വഴി വീണ്ടും കുടിക്കാൻ പാകത്തിന് ശുദ്ധീകരിക്കുന്നു.
- സസ്യ-ജന്തുജാലങ്ങളുടെ ഭക്ഷ്യയോഗ്യമല്ലാത്ത ഭാഗങ്ങൾ കമ്പോസ്റ്റാക്കുന്നതുവഴി മീഥൈൻ ഉത്പാദനം നടത്തി ഊർജ്ജത്തിന്റെ പുനരുപയോഗം സാധ്യമാക്കുന്നു.
- നാഗരികകേന്ദ്രങ്ങൾക്ക് സുസ്ഥിര ഭക്ഷ്യസംവിധാനം
- ധാരാളം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നു
- ഹരിതഗൃഹവാതകങ്ങളുടെ ഉത്പാദനം കുറയ്ക്കുന്നു. കാർബൺ ഡൈ ഓക്സൈഡ് ആഗീരണം ചെയ്ത് ഓക്സിജൻ ധാരാളമായി പുറത്തുവിടുന്നു. അന്തരീക്ഷവായുവിന്റെ മേന്മ വർധിപ്പിക്കുന്നു.

ഇന്ത്യയിലെ സാധ്യതകൾ

ഉയർന്ന മുതൽമുടക്കും മറ്റും അംബരചുംബി പരീക്ഷണങ്ങളിൽ ഏർപ്പെടുവാൻ ഇന്ത്യപോലുള്ള വികസ്വരരാജ്യങ്ങളിൽ പ്രധാനതടസം തന്നെയാണ്. എങ്കിലും ഇവിടെ ചില കണക്കുകൂട്ടലുകൾ നിലവിലുണ്ട്. ഉദാഹരണത്തിന് 12.5 ദശലക്ഷം പേർ തിങ്ങിപ്പാർക്കുന്ന മുംബൈ നഗരത്തിന് ഭക്ഷ്യകാര്യത്തിൽ സ്വയം പര്യാപ്തമാകാൻ നഗരത്തിന്റെ ചുറ്റുവട്ടത്തായി സ്ഥലമുള്ളിടത്ത് 30 നിലകൾ വീതം ഉള്ള 100 അംബരചുംബി കൃഷിത്തോട്ടങ്ങൾ സ്ഥാപിച്ചാൽ മതി. എന്നാൽ ദില്ലിയുടെ കാര്യത്തിൽ ഇത്തരം 130 വൻ കെട്ടിടങ്ങൾ തന്നെ വേണ്ടിവരും. ഓരോ ബഹുനില ഫ്ളാറ്റിനും വേണ്ട ആഹാരപദാർത്ഥങ്ങൾ അതത് ഫ്ളാറ്റുകളിൽ തന്നെ ഉത്പാദിപ്പിക്കണം എന്ന ആശയത്തിന്റെ തുടർച്ചയായി വേണം ഇതിനെ കാണാൻ. മികച്ച പഴങ്ങളും പച്ചക്കറികളും ധാന്യങ്ങളും വിവിധ ഇനം മത്സ്യങ്ങളും കോഴിയും താറാവും ആടും പന്നിയുമൊക്കെ തികഞ്ഞ ധാരണയോടെ വളരുന്ന അംബരചുംബി കൃഷിത്തോട്ടങ്ങൾ അനതി വിദൂരഭാവിയിൽ യാഥാർത്ഥ്യമാകേണ്ടതുണ്ട്.

---

*കേരളകർഷകൻ മാസികയുടെ എഡിറ്ററാണ് ലേഖകൻ*



# നമ്മുടെ മത്സ്യം നമുക്കുണ്ടാക്കാം! കരിമീൻ കൈയെത്തും ദൂരം!


**പാൽപോലെ തന്നെ മത്സ്യത്തിനും നാം അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുമ്പോൾ, വിലവർദ്ധനവിനേക്കാൾ നമ്മെ വിഷമിപ്പിക്കുന്നത് മാരകരാസപദാർത്ഥങ്ങൾ കലർത്തി വരുന്ന മത്സ്യം ബോധപൂർവ്വം കഴിക്കേണ്ടിവരുന്നു എന്നതിലാണ്! ഇതിന് ഒരു പരിഹാരം നമ്മുടെ തീൻമേശയിലേക്കുള്ള മത്സ്യം നാം തന്നെ കൃഷിചെയ്ത് ഉണ്ടാക്കുക എന്നതുമാത്രമാണ്.!**

**ബാലൻ മാവേലി**

കേരളത്തെ സംബന്ധിച്ചിടത്തോളം, മത്സ്യം ബഹുഭൂരിപക്ഷത്തിന്റെ ഒഴിച്ചു കൂടാൻ വയ്യാത്ത ഒരു ഭക്ഷ്യവസ്തു ആകയാൽ ജനങ്ങൾക്ക് നല്ല മത്സ്യം ന്യായവിലയ്ക്കും സുലഭലഭ്യത ഉറപ്പാക്കേണ്ടത് ജനാധിപത്യ വ്യവസ്ഥിതിയിൽ നമ്മുടെ കടമയാണ്. എന്നാൽ, പാൽപോലെ തന്നെ മത്സ്യത്തിനും നാം അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുമ്പോൾ, വിലവർദ്ധനവിനേക്കാൾ നമ്മെ വിഷമിപ്പിക്കുന്നത് മാരകരാസപദാർത്ഥങ്ങൾ കലർത്തി വരുന്ന മത്സ്യം ബോധപൂർവ്വം കഴിക്കേണ്ടിവരുന്നു എന്നതിലാണ്! ഇതിന് ഒരു പരിഹാരം നമ്മുടെ തീൻമേശയിലേക്കുള്ള മത്സ്യം നാം തന്നെ കൃഷിചെയ്ത് ഉണ്ടാക്കുക എന്നതുമാത്രമാണ്.!

### നമുക്കുവേണ്ടാത്ത കാർപ്പ് അടിച്ചേൽപ്പിക്കപ്പെടുന്നു?

എന്നാൽ, കർഷകർക്കിടയിൽ ഇപ്പോഴും പ്രചരിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്നത് കേരളീയമല്ലാത്ത- കേരളക്കാർക്കു വേണ്ടാത്ത (വിദേശീയർക്കും വേണ്ട! അവർ കരിമീൻ കഴി



ക്കാനാണ് ഇവിടെ വരുന്നത്!) കാർപ്പ് മത്സ്യങ്ങളാണ്.

## കാർപ്പിന് പരിമിതികൾ ഒട്ടേറെയുണ്ട്

1. അനുഗുണമായ രാസ-ഭൗതിക ഗുണങ്ങൾ ഉള്ള സ്ഥലമുള്ള വിസ്തൃതമായ ജലാശയം വേണം കാർപ്പ് കൃഷിക്ക്.
2. ഏകദേശം 60-ൽപരം വർഷങ്ങൾക്ക് മുമ്പ് കാർപ്പുകൃഷി ഇവിടേക്ക് കൊണ്ടുവന്നപ്പോൾ ഉണ്ടായിരുന്നതിന്റെ 80% ജലാശയങ്ങളും ഇന്ന് അപ്രത്യക്ഷമായിരിക്കുന്നു. (അവയുടെ മീതെ ഇന്ന് കെട്ടിടങ്ങളോ, റോഡോ ആകാം!). കുട്ടനാട് ഒഴിച്ച് മറ്റൊരിടത്തും കാർപ്പു കൃഷി ചെയ്യാനുള്ള സ്വകാര്യ ജലാശയ ലഭ്യത തുലോം വിരളം;അവിടെയും ജലം മലീമസം തന്നെ!
3. കാർപ്പിന്റെ ദീർഘമായ വിളവുകാലം (കരിമീന് 6 മാസവും കാർപ്പിന് 1 വർഷവും)
4. കേരളത്തിന്റെ പരിസ്ഥിക്കും പരിതസ്ഥിതിക്കും ഇണങ്ങാത്ത കാർപ്പിന്റെ സ്വഭാവം
5. ഭക്ഷ്യമത്സ്യം എന്ന നിലയിൽ കേരളീയർക്ക് കാർപ്പിനോടുള്ള അപ്രിയവും അസ്വീകാര്യതയും
6. അനുയോജ്യമായ ഫാക്ടറി തീറ്റയുടെ അഭാവവും, തീറ്റ ഉണ്ടാക്കാനുള്ള അസംസ്കൃത വസ്തുക്കളുടെ അതിഭീമമായ വിലയും.
7. വളർത്തുന്ന കുളത്തിൽ സ്വയം പ്രജനനവും മുട്ടയിട്ടുവിരിയിക്കലും നടത്താൻ ഉള്ള മടി - മുതലായവയാണ് പരിമിതികൾ.

കർഷകർക്ക് കാർപ്പിന് ഒരു ബദൽ നൽകലും. ശാസ്ത്രീയ പ്രചരണ-പ്രചാരണങ്ങളും-പരിശീലനങ്ങളും; പ്രായോഗികവും യാഥാർത്ഥ്യവുമായ -സമീപനവും ആണ് മത്സ്യകർഷക വികസന ഏജൻസികളുടേയും ബന്ധപ്പെട്ടവരുടേയും കടമ! ഇപ്പോഴുള്ള രീതിയിൽ ആണ് മത്സ്യസമൃദ്ധിയെങ്കിൽ മത്സ്യകൃഷി വികസനം ഒരു വിദൂരദിവാസ്വപ്നമായി അവശേഷിക്കുക തന്നെ ചെയ്യും.

കേരളീയരുടെ നാവിന് ഇണങ്ങിയ രുചി; കുറഞ്ഞകൃഷിക്കാലം (ഏറിയാൽ 6 മാസം), കൂടിയ വളർച്ചാനിരക്ക് - (6 മാസംകൊണ്ട് കുറഞ്ഞത് 250 ഗ്രാം ശരാശരി) ഇവ ഉള്ള മത്സ്യം, ജലസ്രോതസ്സുള്ള ആർക്കും കൃഷി ചെയ്യാനുള്ള സാധ്യത, മത്സ്യവിത്തിന്റെയും തീറ്റയുടേയും അയത്നലളിതമായ ലഭ്യത ഇവ ഉറപ്പാക്കണം.

നിലവിലുള്ള സാഹചര്യത്തിൽ ചില പ്രായോഗിക കൃഷിരീതികൾ പരിശോധിക്കാം.

## അടുക്കള കുളം

നമ്മുടെ തൊടിയിൽ/പുരയിടത്തിൽ ഒരു കുളം ഉണ്ടെങ്കിൽ അതിനെ അടുക്കളകുളമായി നിലനിർത്തുക. പൈപ്പ് സൗകര്യം ഇല്ലാതെയും, കിണറുകൾ വിരളമായും ഇരുന്ന ഭൂതകാലങ്ങളിൽ അടുക്കള പാത്രങ്ങൾ കഴുകാനും മറ്റുമായി അടുക്കളപ്പുറത്ത് ഒരു കുളം കാണുമായിരുന്നു. പാത്രം കഴുകാനും മറ്റുമായി ഉപയോഗിക്കുന്ന ഈ കുളത്തിന് ചോറ്റുചെമ്പും വാർപ്പും തവികളും മറ്റും മുക്കിയിടുമായിരുന്നു. ഇവയിലെ അവശിഷ്ടങ്ങൾ കിടന്ന് അഴുകി വെള്ളം ചീത്തയാകാതിരിക്കാനായി കുറച്ച് കരിമീൻ, വരാൽ/വാക, കുറുവപരൽ, കൈതക്കോര/കല്ലേമുട്ടി/കറൂപ്പ്, കാരി-കൂരി-മുശി മുതലായ മത്സ്യങ്ങളും കുളത്തിൽ വിട്ടിരുന്നു. (വെള്ളം ശുദ്ധീകരിക്കുന്നതിനുള്ള ഉപാധിയായി മീൻ വളർത്തുകയോ ചുണ്ണാമ്പ് കിഴികെട്ടി ഇടുകയോ ചെയ്തിരുന്ന പഴമക്കാർ!) മറ്റുകുളങ്ങൾ, കൊയ്തുകഴിഞ്ഞ പാടങ്ങൾ, പുഴകൾ, തോടുകൾ, പുഞ്ചപാടങ്ങൾ ചാലുകൾ എന്നിവിടങ്ങളിൽ നിന്നും ശേഖരിച്ചിരുന്നവ ആകാം മീനുകൾ.

നെയ്യപ്പം തിന്നാൽ രണ്ടുണ്ടുകാര്യം! എന്നപോലെ കുളം വൃത്തിയാക്കി അവ വളരുമ്പോൾ ചോറ്റുകുട്ട കൊണ്ടോ കൈവലകൊണ്ടോ കൈകൊണ്ടുതന്നെയോ അവയെപിടിച്ച് മീൻ കൊതിയരായ വീട്ടുകാർ കറി പ്രശ്നം പരിഹരിച്ചിരുന്നിരിക്കാം. അങ്ങനെയുള്ള കുളത്തിൽ നമുക്ക് കരിമീൻ കൃഷി ചെയ്യാം

ആദ്യമായി കുളത്തിലെ അധികപറ്റ് ചേറ്/ചളി കോരിക്കളയുക; ഒപ്പം കുളത്തിലെ മറ്റ് സസ്യ ജന്തുജാലങ്ങളെ മുഴുവൻ നശിപ്പിക്കു. ചേറ് കോരാൻ വെള്ളം വെള്ളം വറ്റിക്കണമല്ലോ! അപ്പോൾ കുംഭം-മീനം മാസത്തിൽ ആകുളം വെട്ടൽ നടത്താം. അതിനു ശേഷം കുറച്ച് കുമ്മായം വിതറുക. മണ്ണുപരിശോധനയ്ക്കുശേഷം വേണമെങ്കിൽ വളപ്രയോഗവും ആകാം.

കുളത്തിന് ഒന്നര മീറ്റർ ആഴം വേണം. കുളത്തിൽ രണ്ടുമീറ്റർ അകലത്തിൽ പുളികളഞ്ഞമുള/ഓലമടൽ കുറ്റികൾ തറച്ച് ഉറപ്പിക്കു. അതിനുചുറ്റും നല്ല പച്ചനിറത്തിൽ ഉള്ള മുടിപ്പായൽ (എണ്ണ മൂക്കളപായൽ) നിക്ഷേപിക്കുക.

(പായൽ കുളത്തിൽ നിറഞ്ഞു പടരാതെ ഇരിക്കാനാണ് ഇത്) ഈ പായൽ കരിമീനിന്റെ ഇഷ്ടാഹാരമാണ്.

കുളം ഒരുക്കൽ, വളപ്രയോഗം (വേണമെങ്കിൽ ഇവയ്ക്കുശേഷം ഒരു മാസം കഴിഞ്ഞ് ശുദ്ധജലത്തിലെ കരിമീൻകുഞ്ഞുങ്ങളെ (ആരോഗ്യമുള്ളവ) 40 ച.മീ.ന് 100 എന്ന കണക്കിന് കുളത്തിൽ വിടുക.

## ആഹാരവും കൈത്തീറ്റയും

ഈഡോഗോണിയം, ഓസിലറ്റോറിയ ലിങ്ബിയ എന്നീ മുടിപ്പായലുകളും കരിമീനിന്റെ പഥ്യാഹാരമാണ്. കോസിനോഡിസ്കസ്, ഫ്രജിലേറിയ, നാവുകുല മുതലായ സൂക്ഷമസസ്യങ്ങളും ചിലസസ്യഭാഗങ്ങളും കരിമീനിന്റെ മുഖ്യാഹാരമാണ്. ഇതുകൂടാതെ, കോപിപോഡുകൾ, ഡാഫ്നിയ മുതലായ ജന്തുപ്ലവകങ്ങളും ചില ജലജീവികളും, കൊഞ്ചുവർഗ്ഗ ജീവികളും കരിമീനിന്റെ സ്വാഭാവികാഹാരമാണ്. കരിമീൻ സ്വതവേ ഒരു സസ്യഭുക്കാണ്.

കുഞ്ഞുങ്ങളെ കുളത്തിൽ വിട്ടാൽ അന്നു മുതൽ ദിവസേന തീറ്റ നൽകണം. തുടക്കത്തിൽ, ദിവസം രണ്ടുനേരം കുഞ്ഞുങ്ങൾ ജന്തുപ്ലവക ഭുക്കുകളാണ്. നിർമ്മിത തീറ്റ (Formulated feed), ഉണക്ക തീറ്റ, നനവു തീറ്റ (wet feed), ജീവനുള്ള തീറ്റ (Live feed) എന്നിവ നൽകാം. തിരിരൂപത്തിലുള്ള നിർമ്മിത തീറ്റയാണ് ഉണ്ടാക്കി നൽകേണ്ടത്. കൂടാതെ, കൊതുകുകൂത്താടികൾ, മണ്ണിരനുറുക്ക് (കഴുകി അരിഞ്ഞത്) ഇവയും പച്ചക്കറി ചെറുതായി അരിഞ്ഞതും നൽകാം. ഉണക്കതീറ്റ 3–5% (ദിവസവും) ഉം, നനവു തീറ്റ (ആഴ്ചയിൽ ഒരിക്കൽ) 5–10% ഉം നൽകാം.

## തീറ്റ നിർമ്മാണം

35% എള്ളിൻ പിണ്ണാക്ക്, 22% കടല പിണ്ണാക്ക്, 30% അരിതവിട് (ഉമി നീക്കം ചെയ്തത്), 12% മത്സ്യ/കക്ക ഇറച്ചി/കൊഞ്ച് (ചെമ്മീൻ) പൊടി, 1% വിറ്റാമിൻ–മിനറൽ മിക്സ് ഒരു നുള്ള് ഉലുവ വറുത്തു പൊടിച്ചത് – ഇവ നന്നായി കൂട്ടി യോജിപ്പിച്ച് കുഴച്ചുരുട്ടി ഇഡ്ഡലി കുട്ടുകത്തിൽ വച്ച് ഇഡ്ഡലി പുഴുങ്ങും പോലെ 30 മിനിറ്റ് ആവിയിൽ പുഴുങ്ങി എടുക്കുക. ഉടൻതന്നെ സേവനായിൽ ഇടിയപ്പം/വീശപ്പത്തിന്റെ അച്ച് ഇട്ട് ഞെക്കി എടുത്ത് വെയിലത്ത് ഉണക്കി എടുക്കുക ഇത് ഉണക്കതീറ്റയായി നൽകാം.

തീറ്റ ദിവസേന രാവിലെ നിശ്ചിത സമയത്തും (രണ്ടു നേരം എങ്കിൽ ഉച്ച കഴിഞ്ഞ് ഒരു നേരവും കൂടി) നിശ്ചിത സ്ഥലത്തും നിശ്ചിത അളവിലും നൽകുക. തീറ്റ പാത്രത്തിൽ വച്ചു നൽകുക. 30 മിനിറ്റ് – 1 മണിക്കൂർ കഴിഞ്ഞ് പാത്രം പുറത്തെടുത്ത് ഉണക്കി എടുക്കുക.



**കരിമീനിനൊപ്പം മറ്റു നാടൻ മത്സ്യഇനങ്ങളായ വരാൽ – വാക മുതലായവ കൂടി നിക്ഷേപിച്ചു വളർത്താം. വരാൽ വളർത്തുന്ന പക്ഷം കുളത്തിൽ 10 – 15 ജോഡി തിലാപിയ ദമ്പതികളെകൂടി വിടുക. ഇതിന്റെ കുഞ്ഞുങ്ങൾ വാക/വരാലിന്റെ ഇഷ്ടാഹാരമാണ്.**

## വിളവെടുപ്പ്

ആറുമാസം പ്രായമാകുമ്പോഴോ, നിശ്ചിത (ആവശ്യാനുസരണം) വലിപ്പം വയ്ക്കുമ്പോഴോ വിളവെടുക്കാം. ഒരുമിച്ചോ ഘട്ടം ഘട്ടമായോ വിളവെടുക്കാം.

വലിപ്പം ഉള്ളവയെമാത്രം തിരിവു വല ഉപയോഗിച്ച് തിരിഞ്ഞു പിടിച്ചെടുക്കുകയും പകരം പിടിച്ച എണ്ണത്തിന്റെ മൂന്നിരട്ടി എണ്ണം. 10–15 സെ.മീ.വലിപ്പമുള്ള കരിമീൻ കുഞ്ഞുങ്ങളെ കുളത്തിലേക്കു വിടുകയും ചെയ്യുക. വീണ്ടും നിശ്ചിത കാലയളവിനുശേഷം ഈ പ്രക്രിയ ആവർത്തിക്കാം. അപ്പോൾ വർഷം മുഴുവനും കറിവയ്ക്കാൻ മീൻകിട്ടും.

8–9 മാസം കഴിയുമ്പോൾ കരിമീൻ ലൈംഗികമായി പരിപക്വമാകയും പ്രജനന സന്നദ്ധമാവുകയും ചെയ്യും. അങ്ങനെയെങ്കിൽ പ്രജനന കാലങ്ങളിൽ മുട്ടവിരിഞ്ഞു പുറത്തു വരും വരെ മത്സ്യബന്ധനം പാടില്ല. (ഡിസംബർ–ഫെബ്രുവരി & മേയ് – ജൂൺ)

കരിമീനിനൊപ്പം മറ്റു നാടൻ മത്സ്യ ഇനങ്ങളായ വരാൽ–വാക മുതലായവ കൂടി നിക്ഷേപിച്ചു വളർത്താം. വരാൽ വളർത്തുന്ന പക്ഷം കുളത്തിൽ 10–15 ജോഡി തിലാപിയ ദമ്പതികളെകൂടി വിടുക. ഇതിന്റെ കുഞ്ഞുങ്ങൾ വാക/വരാലിന്റെ ഇഷ്ടാഹാരമാണ്.

കരിമീനിനു പകരം ഹട്ടർ എന്ന



**കുഞ്ഞുങ്ങളെ കുളത്തിൽ വിട്ടാൽ അന്നു മുതൽ ദിവസേന തീറ്റ നൽകണം. തുടക്കത്തിൽ, ദിവസം രണ്ടുനേരം. കുഞ്ഞുങ്ങൾ ജന്തുപ്ലവക ഭുക്കുകളാണ്. നിർമ്മിത തീറ്റ, ഉണക്ക തീറ്റ, നനവു തീറ്റ, ജീവനുള്ള തീറ്റ എന്നിവ നൽകാം. തിരിരൂപത്തിലുള്ള നിർമ്മിത തീറ്റയാണ് ഉണ്ടാക്കി നൽകേണ്ടത്.**

ചെമ്പല്ലി വർഗ്ഗമത്സ്യമോ ആസാം വാളയോ നിക്ഷേപിച്ചു വളർത്താം. ഇവസർവ്വാഹാരിയും ജലാശയവിസ്തൃതി നിബന്ധനകൾക്കും, ജലത്തിന്റെ ഗുണവ്യതിയാനങ്ങൾക്കും അതീതവും ആണ്.

### താല്ക്കാലിക കുളങ്ങൾ– നിർമ്മിത കുളങ്ങൾ

മൺകുളങ്ങൾ ഇല്ലാത്തവർക്ക് താല്ക്കാലിക കുളങ്ങൾ സ്ഥാപിച്ചും നിർമ്മിത കുളങ്ങൾ നിർമ്മിച്ചും കരിമീൻ കൃഷിചെയ്യാം. പക്ഷെ വേണ്ടത്ര ശുദ്ധജല സ്രോതസ്സ് വേണമെന്ന് മാത്രം. ഓരു വെള്ള സ്രോതസ്സുണ്ടെങ്കിൽ കരിമീൻ, മറ്റുജലമത്സ്യങ്ങൾ, ഞണ്ട് ഇവയിൽ ഏതെങ്കിലും കൃഷിചെയ്യാം.

20–40 ച.മീ (1/2–1 സെന്റ്) വിസ്തൃതി എങ്കിലും ഉള്ള കുളങ്ങളാണ് നിർമ്മിക്കേണ്ടത്. ഇഷ്ടിക-സിമന്റ്, കോൺക്രീറ്റ്, ഫെറോസിമന്റ്, സിൻപോളിൻ, പ്ലാസ്ററിക് കുളങ്ങൾ/ടാങ്കുകൾ ആണ് താല്ക്കാലിക കുളങ്ങൾ. നേരിട്ട് വെയിൽ അടിക്കാത്തതും, കാറ്റും വെളിച്ചവും ലഭിക്കുന്നതുമായ തുറസ്സായ സ്ഥലത്ത് - അത് മുറ്റത്തിന്റെയോ,തൊടി/പറമ്പ് യുടെ ഒരുഭാഗത്തോ സ്ഥാപിക്കാം.

നിർമ്മാണ ചെലവ് കുറയ്ക്കാനായി കോൺക്രീറ്റിംഗിന് കമ്പി ഉപയോഗിക്കുന്നതിനുപകരം ഇരുമ്പുവല ഉപോഗിക്കുന്നതാണ് ഫെറോസിമിന്റിംഗ് രീതി. ഒരുവിധം ചെറുകുളം/ടാങ്ക് എങ്കിൽ തറ കോൺക്രീറ്റ് ചെയ്ത് അതിൽ സ്ലാബുകൾ നിർമ്മിച്ച് സിമിന്റ് ഉപയോഗിച്ച് ഒട്ടിച്ചും വയ്ക്കാം.

ഏതായാലും കുളത്തിന് 1 1/2 മീറ്റർ ആഴം വേണം. (വെള്ളം)

### സിൽപോളിംഗ്കുളം

ഇത് മേൽപറഞ്ഞ സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതും സിൽ പോളിംഗ് ഉപയോഗിച്ച് ഉണ്ടാക്കുന്നവയുമായ താൽക്കാലിക കുളങ്ങൾ ആണ്. കുളം കുഴിക്കേണ്ടതില്ല എന്നതും മുറ്റത്തു പോലുംസ്ഥാപിക്കാൻ സാധിക്കും എന്നതുമാണ് ഇതിന്റെ പ്രത്യേകത. വെയൽ നേരിട്ടു തട്ടാത്തിടത്ത് (കാറ്റും വെളിച്ചവും കടക്കുന്നിടത്ത്) തറ നിരപ്പാക്കി വൃത്തിയാക്കി ഇടിച്ചുറപ്പിക്കുക. ചുറ്റുംവരമ്പ് ഉണ്ടാക്കുക. രണ്ടുതരത്തിലാകാം വരമ്പ്. 1. മണ്ണുകൊണ്ട്, 1:1 1/2 മീറ്റർ ചരിവിലും 1.75 മീറ്റർ ഉയരത്തിലും മണ്ണുകൂട്ടുക. 2. ചരിവില്ലാതെ 1.75 മീറ്റർ ഉയരത്തിൽ ഒന്നോരണ്ടോ വരിയായി ഇഷ്ടിക അടുക്കുക. അടുക്കി/മണ്ണു കൂട്ടി കഴിയുമ്പോൾ കുളത്തിന് ദീർഘ ചതുരാകൃതി ആയിരിക്കണം. ഇതിനു പുറത്തേക്ക് സിൽപോളിംഗ് വലിച്ചിടുക. പറന്നുപോകാതെ ഇരിക്കാൻ ഭാരം വയ്ക്കുക. (വാരി/മുള എന്നിവ ഉപയോഗിച്ച് സിൽപോളിംഗ് വരിഞ്ഞ് ബലപ്പെടുത്തി വയ്ക്കുന്നവരുമുണ്ട്. ഇതിലേക്ക് 1 1/2 മീറ്റർ ആഴം വരുന്നത്ര വെള്ളം ഒഴിക്കുക. ഇപ്പോൾ ഒരു താല്ക്കാലിക കുളമായി.

ഇതിൽ കുറ്റിയടിക്കാൻ സാധ്യമല്ലാത്തതിനാൽ അപ്പപ്പോൾ എണ്ണപ്പായൽ തീറ്റയായി നൽകുക. വളപ്രയോഗം വളരെ ശ്രദ്ധിച്ചു ചെയ്യേണ്ടകാര്യമാണ്. കൃത്രിമ കുളങ്ങളിൽ ഇടയ്ക്കിടെ വാതായനം (Airation) നന്ന്.

ഇപ്പോൾ മത്സ്യകൃഷി ചെയ്യാൻ സൗകര്യമുള്ള ഒരു നേരിയ ന്യൂനപക്ഷത്തിൽ നിന്നും ‘ഒട്ടും ഇല്ലാത്തിടത്ത് ഒരു പൊട്ടൻ’! എന്നപോലെ ചിലരെ സമ്മാനിതരാക്കുന്നതിലുപരി,താല്ക്കാലികമായി മത്സ്യക്ഷാമം പരിഹരിക്കുന്നതോടൊപ്പം കേരളീയർക്ക് കാർപ്പിൻ ബദൽ നൽകുകയും നാടൻ മത്സ്യങ്ങളുടെ വിത്തുല്പാദനകേന്ദ്രങ്ങളും തീറ്റ ഫാക്ടറികളും സ്ഥാപിച്ച് വേണ്ട സമയം വേണ്ട അളവിൽ മത്സ്യകുഞ്ഞുങ്ങളേയും മത്സ്യങ്ങളേയും സബ്സിഡി നിരക്കിൽ കർഷകർക്കു നൽകുകയും പഞ്ചായത്തുതോറും മാതൃകാമത്സ്യകുളങ്ങൾ നിർമ്മിച്ച് കൃഷി ചെയ്ത് മാതൃക കാട്ടുകയും ശാസ്ത്രീയപരിശീലനവും അധുനിക രീതിയിൽ പ്രചാരണവും നടത്തുകയുമാണ് ബന്ധപ്പെട്ടവർ ചെയ്യേണ്ടത്. അല്ലാത്ത പക്ഷം അന്യസംസ്ഥാനങ്ങളിൽ നിന്നുവരുന്ന വിഷലിപ്തമായ മത്സ്യം വാങ്ങി കഴിച്ച് നമ്മുടെ ധനവും വിലപ്പെട്ട ആരോഗ്യവും നഷ്ടപ്പെടുകയായിരിക്കും ഫലം എന്ന് മുന്നറിയിപ്പു നൽകട്ടെ.●

*ഫിഷറീസ് വകുപ്പിലെ*
*മുൻ ഡെപ്യൂട്ടി ഡയറക്ടറാണ് ലേഖകൻ*



# അന്താരാഷ്ട്ര കുടുംബ കൃഷി വർഷം കേരളത്തിൽ

**കേരളീയരുടെ സമ്പത്തും ആരോഗ്യവും ഒരുപോലെ ക്ഷയിപ്പിച്ചുകൊണ്ടിരിക്കുന്ന ജീവിതരീതികൾ മാറ്റേണ്ടതിനെക്കുറിച്ചും തനിയ്ക്കുവേണ്ട ഭക്ഷ്യവസ്തുക്കൾ താൻതന്നെ ഉത്പാദിപ്പിച്ച് ഭക്ഷ്യസുരക്ഷ കൈവരിക്കാൻ ശ്രമിക്കേണ്ടതിനെക്കുറിച്ചും ചിന്തിക്കാൻ സമയമായി.**

**ഡോ.ഷീജാകുമാരി, കൊടുവഴന്നൂർ**

കേരളീയ ഗ്രാമങ്ങൾ പ്രകൃതി ഭംഗിയുടെയും വിഭവസമൃദ്ധിയുടെയും കേളീരംഗമായിരുന്ന ഒരുകാലം മുതിർന്ന ആളുകളിൽ പലരും ഇന്നും ഓർക്കുന്നുണ്ടാകും. നാടിനെയും നഗരത്തെയും ഒരുപോലെ അന്നമൂട്ടാൻ പാകത്തിൽ ധാരാളമായി നെല്ലുവിളഞ്ഞിരുന്ന വയലേലകളും, സമൃദ്ധിയുടെ അമൃതകുംഭങ്ങളേന്തിയ തെങ്ങുകൾ നിറഞ്ഞ തോപ്പുകളും മാവും പ്ലാവും പറങ്കിമാവും പുളിയും എന്നു വേണ്ട കുടമ്പുളി വരെ ധാരാളം വളർന്നിരുന്ന പുരയിടങ്ങളും, കപ്പയും വാഴയും ചേനയും ചേമ്പും പച്ചക്കറികളും സമൃദ്ധമായി വളർത്തിയിരുന്ന കൃഷിയിടങ്ങളുമൊക്കെ വിസ്മൃതിയിലേക്ക് ഓടിയൊളിക്കാൻ തുടങ്ങിയിട്ട് രണ്ടുദശകത്തിലേറെയായി. ഭക്ഷ്യവിളകളുടെ സ്ഥാനം നാണ്യവിളയായ റബ്ബർ കൈയ്യടക്കിയതോടെ മലയാളി



**ഇക്കഴിഞ്ഞ ഓണത്തോടനുബന്ധിച്ച് പത്രങ്ങളിൽ വന്ന ചില വാർത്തകൾ ഒരു ഉത്പാദക സംസ്ഥാനമെന്ന നിലയിൽ നിന്ന് ഉപഭോക്തൃ സംസ്ഥാനം എന്ന നിലയിലേക്ക് അധഃപതിച്ചുപോയ കേരളത്തിന്റെ ദയനീയ ചിത്രം വ്യക്തമാക്കുന്നു.**

യുടെ ജീവിതരീതിയ്ക്കും സംസ്ക്കാരത്തിനും തന്നെ മാറ്റം വന്നുകൊണ്ടിരിക്കുകയാണ്.

*മാവും പിലാവും പുളിയും കരിമ്പും*
*തെങ്ങും ഫലം തിങ്ങുമിളം കവുങ്ങും*
*നിറഞ്ഞഹോ സസ്യലതാഢ്യമായ*
*വീടൊന്നിതാ മുന്നിൽ വിളങ്ങിടുന്നു*
*കടിഞ്ഞിൽ കായിച്ചീടിന് കൈപ്പവള്ളി*
*കിടന്നിടുംവേലികളാൽ മറഞ്ഞും*
*നേത്രാഭിരാമം ഗൃഹമോലമേഞ്ഞും*

'വൃക്ഷച്ഛദച്ഛായയിൽ നിന്നീടുന്നു' എന്ന് കവിഭാവന പുകഴേറ്റിയ ഗ്രാമീണ ഗൃഹത്തിന്റെ സസ്യസമൃദ്ധമായ സൗന്ദര്യം ഇന്നത്തെ വീടുകളും പരിസരങ്ങളുമായി തട്ടിച്ചുനോക്കുമ്പോഴാണ് നമുക്ക് നഷ്ടമായ ഭൂതകാലത്തിന്റെ സമ്പന്നചിത്രം നമ്മുടെ മനസ്സുകളെ ഗൃഹാതുരമാക്കുന്നത്.

ഇന്നത്തെ കേരളത്തിന്റെ പ്രകൃതി വർണ്ണനകളിൽ കതിരേന്തി നിൽക്കുന്ന നെൽപ്പാടങ്ങളില്ല. മണ്ണിട്ടു നികഴ്ത്തപ്പെട്ടവയുടെ ബാക്കിയായ വയലുകൾ തരിശിടപ്പെട്ട് പുല്ലു നിറഞ്ഞുകിടക്കുന്നു. നെല്ലിനു മറുവിളയായി പണ്ടുകൃഷി ചെയ്തിരുന്ന പയറും ഉഴുന്നും മുതിരയുമൊന്നും ഇപ്പോൾ പാടങ്ങളിൽ കാണാനില്ല. തരിശിടപ്പെട്ട വയലിനെയോർത്ത് ഒന്നു നെടുവീർപ്പിടാൻ പോലും തോന്നാത്ത രീതിയിൽ മലയാളിയുടെ മനസ്സ് മാറിപ്പോയിരിക്കുന്നു.

ഇക്കഴിഞ്ഞ ഓണത്തോടനുബന്ധിച്ച് പത്രങ്ങളിൽ വന്ന ചില വാർത്തകൾ ഒരു ഉത്പാദക സംസ്ഥാനമെന്ന നിലയിൽ നിന്ന് ഉപഭോക്തൃസംസ്ഥാനം എന്ന നിലയിലേക്ക് അധഃപതിച്ചുപോയ കേരളത്തിന്റെ ദയനീയ ചിത്രം വ്യക്തമാക്കുന്നു. സമൃദ്ധിയുടെ കഥകൾ പ്രഘോഷണം ചെയ്യുന്ന വിളവെടുപ്പുത്സവമായ ഓണത്തിന് മലയാളിക്ക് പൂക്കളമൊരുക്കാനുള്ള പൂവും, അരയ്ക്കാൻ നാളീകേരവും സദ്യയൊരുക്കാൻ പച്ചക്കറികളും കടുകുവറുക്കാൻ കറിവേപ്പിലയും പടുക്കയൊരുക്കാൻ പഴവും എന്നുവേണ്ട, സദ്യവിളമ്പാനുള്ള വാഴയിലപോലും എത്തിച്ചേർന്നത് തമിഴ്നാട്ടിൽ നിന്ന്! ജലലഭ്യതയും മണ്ണിന്റെ ഫലപുഷ്ടിയും കേരളത്തിനോളമില്ലാത്ത തമിഴ്നാട്ടിൽ അധ്വാനശീലരായ ജനങ്ങൾ വിയർപ്പു ചിന്തി വിളയിക്കുന്നതെല്ലാം, പ്രകൃതി കനിഞ്ഞനുഗ്രഹിച്ചിട്ടും കൃഷിചെയ്യാൻ തയ്യാറാകാത്ത മലയാളിയുടെ മടിശ്ശീല ചോർത്തുന്നതിനായി കേരളത്തിലേയ്ക്കൊഴുകുന്നു. എല്ലുമുറിയെ പണിതും പല്ലുമുറിയെ തിന്നും ശീലമുള്ളപഴയ മലയാളിയുടെ പിൻമുറക്കാർ അയൽനാടിന്റെ വിഭവസമൃദ്ധി വിലയ്ക്കെടുക്കുന്നു. ഒപ്പം കീടനാശിനിയിൽ മുങ്ങിക്കുളിച്ച ഭക്ഷ്യവസ്തുക്കൾ തിന്നുന്നതുകൊണ്ടുണ്ടാകുന്ന മാരകരോഗങ്ങളേയും.

ജന്തുപരിപാലനത്തിന്റെ കാര്യത്തിലും സ്ഥിതി വ്യത്യസ്തമല്ല. പണ്ടുകാലങ്ങളിൽ മിക്ക വീടുകളിലും ആടുമാടുകളെയും കന്നുകാലികളെയും കോഴികളെയും മറ്റും വളർത്തിയിരുന്നുവെങ്കിൽ ഇന്ന് അതൊരു അപൂർവ്വതയാണ്. കവർപാൽ യഥേഷ്ടം ലഭ്യമായതോടെ പശുക്കളും ആടുകളും,



വീടുകളിൽ നിന്ന് അപ്രത്യക്ഷമായിത്തുടങ്ങിയതുപോലെ കൃഷിയ്ക്ക് നിലമുഴാൻ ട്രാക്ടർ രംഗത്തെത്തിയതോടെ കാളകളും പോത്തുകളും തൊഴുത്തിൽ നിന്ന് മലയാളിയുടെ തീൻമേശയിലേക്ക് ചേക്കേറി. അരുമയായി തഴുകിത്തലോടി അവയെ വളർത്തുന്ന സംസ്ക്കാരത്തിൽ നിന്നും അവയെ കൊന്നു തിന്നുന്ന സംസ്ക്കാര്തതിലേക്ക് മലയാളി ചുവടുമാറ്റി. ഈ മനോഭാവത്തിന്റെ മറപിടിച്ച് രോഗാതുരരും മരണാസന്നരുമായവരുൾപ്പെടെയുള്ള കന്നുകാലികളെ മറുനാട്ടിൽ നിന്ന് കേരളത്തിലെത്തിച്ച് ഇറച്ചിക്കച്ചവടം ചെയ്യുന്നവർ ലാഭം കൊയ്തു. തമിഴ്നാട്ടിലെ കോഴിഫാമുകളിൽ ഹോർമോൺ കലർന്ന കൃത്രിമാഹാരം കൊടുത്തു വളർത്തെയെടുത്ത ബ്രോയിലർ ചിക്കൻ ചത്തും കെട്ടും ചാകാതെയും കേരളത്തിലേക്കു പ്രവഹിച്ചു. താത്പര്യങ്ങൾക്കു മുന്നിൽ വിവേകം മറയ്ക്കുന്ന മലയാളിയാകട്ടെ, ഈ മാസം ഭക്ഷണം ഇഷ്ടവിഭവമായി മാറ്റുകയും ചെയ്തു.

കേരളീയരുടെ സമ്പത്തും ആരോഗ്യവും ഒരുപോലെ ക്ഷയിപ്പിച്ചുകൊണ്ടിരിക്കുന്ന ഇത്തരം ജീവിതരീതികൾ മാറ്റേണ്ടതിനെക്കുറിച്ചും തനിയ്ക്കു വേണ്ട ഭക്ഷ്യവസ്തുക്കൾ താൻതന്നെ ഉത്പാദിപ്പിച്ച് ഭക്ഷ്യസുരക്ഷ കൈവരിക്കാൻ ശ്രമിക്കേണ്ടതിനെക്കുറിച്ചും ചിന്തിക്കാൻ സമയമായി. അത്തരത്തിൽ സ്വയം പര്യാപ്തത നേടാനുള്ള ശ്രമങ്ങൾ ഓരോ കുടുംബവും നടത്തേണ്ടിതിലേക്ക് വിരൽചൂണ്ടിക്കൊണ്ടാണ് അന്താരാഷ്ട്ര കുടുംബകൃഷി വർഷം (International year of family farming) കടന്നു വന്നിരിക്കുന്നത്.

കൃഷിച്ചെലവ് കൂടുതലായതും, തൊഴിലാളികളുടെ അപര്യാപ്തതയും കൃഷി ഭൂമിയുടെ ലഭ്യതക്കുറവും നിമിത്തം വൻകിട കൃഷിലാഭകരമാക്കാൻ കഴിയാതെ വന്ന അവസ്ഥയിലാണ് ചെറുകിടകൃഷിയും,കുടുംബകൃഷിയും ഏറെ പ്രസക്തമാകുന്നത്. ദാരിദ്ര്യനിർമ്മാർജ്ജനത്തിനും, ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനും കുടുംബകൃഷി സാധ്യമാകുമെന്ന വിശ്വാസമാണ് 2014 നെ അന്താരാഷ്ട്ര കുടുംബകൃഷി വർഷമായി പ്രഖ്യാപിക്കാൻ ഐക്യരാഷ്ട്രസംഘടനയെ പ്രേരിപ്പിച്ചത്.

കേരളത്തിന്റെ സാഹചര്യങ്ങളിൽ ചെറുകിട-കുടുംബകൃഷികൾക്കുള്ള പ്രാധാന്യം ഏറെയാണ്.

- കേരളത്തിൽ ലഭ്യമാകുന്ന രണ്ടു മൺസൂൺകാലമഴയെ പ്രയോജനപ്പെടുത്തി കൂടുതൽ ചിലവില്ലാതെ തന്നെ ഹ്രസ്വകാല വിളകൾ വളർത്താൻ സാധിക്കും.
- ചെറിയതോതിൽ കൃഷി ചെയ്യുന്നതിനാൽ കുടുംബത്തിലുള്ളവരിലോരോരുത്തർക്കും തങ്ങളുടെ സമയവും സൗകര്യവുമനുസരിച്ച് കൃഷിപ്പണികളിലേർപ്പെടാൻ കഴിയുന്നു.
- തൊഴിലാളികൾക്കു നൽകേണ്ടുന്ന വേതനം ലഭിക്കാനാകുന്നു
- കുടുംബാംഗങ്ങളുടെ ഒഴിവുവേളകൾ ഫലപ്രദമായി പ്രയോജനപ്പെടുത്താനാകുന്നു.
- ഭക്ഷ്യഉല്പാദനത്തിലെ സ്വയം പര്യാപ്തത ആദായത്തിനും ആനന്ദത്തിനും ആത്മവിശ്വാസത്തിനുമിട

**കേരളത്തിൽ ലഭ്യമാകുന്ന രണ്ടു മൺസൂൺകാലമഴയെ പ്രയോജനപ്പെടുത്തി കൂടുതൽ ചിലവില്ലാതെ തന്നെ ഹ്രസ്വകാല വിളകൾ വളർത്താൻ സാധിക്കും.**

യാക്കുന്നു

- ചെറുകിട സംരംഭകരുടെ ഉത്പന്ന ങ്ങൾക്കും വിപണി കണ്ടെത്താനാകുന്നു.
- വീട്ടുവളപ്പിലെ കൃഷി വീടിന് സൗന്ദര്യവും കുളിർമ്മയും നൽകുന്നു
- ശരിയായ രീതിയിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്ന പക്ഷം ഫാം ടൂറിസത്തിന്റെ വികസനത്തിനും സാധ്യതകളുണ്ടായിരിക്കും.
- മിതമായ ചെലവിൽ കുടുംബ ബഡ്ജറ്റിംഗ് സാധ്യമാകുന്നു.
- തങ്ങൾക്കും മറ്റുള്ളവർക്കും വേണ്ടി കീടനാശിനികളുടെ വിഷംകലരാത്ത ഉത്പ്പന്നങ്ങളുണ്ടാക്കാൻ കഴിയുന്നു.
- സസ്യസംരക്ഷണവും ജന്തുപരിപാലനവും ഒപ്പം സാധ്യമാകുന്നു.



മേൽപ്പറഞ്ഞ മേന്മകൾക്കപ്പുറം, കുടുംബത്തിലെ മുതിർന്നവരും കുട്ടികളുമായ ഓരോരുത്തർക്കും കൃഷിയുടെ മഹത്വവും അധ്വാനത്തിന്റെ മാഹാത്മ്യവും അനുഭവപാഠമാകുകയും ചെയ്യുന്നു. ഇത്തരത്തിൽ ഓരോ കുടുംബവും ലഭ്യമായ സ്ഥലപരിമിതിക്കുള്ളിൽ ചെറുകിട കാർഷിക സംരംഭങ്ങൾ ഏറ്റെടുക്കുന്ന പക്ഷം കേരളത്തിന് ഭക്ഷ്യോല്പാദന ലഭ്യതയ്ക്കായി മറ്റുസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട അവസ്ഥവരുമെന്നു തോന്നുന്നില്ല. അങ്ങനെ ഓരോ വീട്ടുവളപ്പും ഹരിതാഭമാകുമ്പോഴാണ് കേരളീയ ഭവനങ്ങൾ പണ്ട് കവിപാടിയതുപോലെ കണ്ണിന്നനായാസസുഖം തരുന്ന വയായിത്തീരുന്നത്. രാവിലെ വ്യായാമത്തിനായി നടക്കാനിറങ്ങുന്നവർക്കുപകരം വ്യായാമത്തിനായി കൃഷിപ്പണിയിലേർപ്പെടുന്നവരെ കണികണ്ടുണരുവാൻ കേരളത്തിനെന്നാണ് സാധ്യമാകുക.●



മാർച്ച് 20
ലോക
അങ്ങാടി
കുരുവി
ദിനം

# അങ്ങാടിക്കുരുവി ഒരുദിനവും കുറെ ചിന്തകളും

സാബു കുരിയൻ ജോൺ

അങ്ങാടികളിലും പീടികത്തിണ്ണകളിലും കലപിലകൂട്ടി പായുന്ന അങ്ങാടിക്കുരുവികൾ നമുക്ക് സുപരിചിതമാണ്. സദാ തിടുക്കം ഭാവിച്ചും കോലാഹലം കൂട്ടിയും നമ്മുടെ ചുറ്റുവട്ടത്തിൽ പാറി നടക്കുന്ന ഈ ചെറുപക്ഷികളെ കുറച്ചുനേരമെങ്കിലും കൗതുകത്തോടെ നോക്കിനിന്നിട്ടില്ലാത്തവരുണ്ടാവില്ല. എന്നാൽ ഇന്നിപ്പോൾ ഈ കുരുവികൾ നമ്മുടെ ശ്രദ്ധ പിടിച്ചുപറ്റുന്നത് അവയുടെ അസാന്നിദ്ധ്യംകൊണ്ടാണ്. മാർക്കറ്റുകളുടെ ഇടത്തൊണ്ടുകളിലും മേൽക്കൂരകളിലും കലപില കൂട്ടാൻ ഇപ്പോൾ അങ്ങാടിക്കുരുവികളില്ല. അന്യംനിന്നുപോകുന്ന പക്ഷിജാതികളുടെ പട്ടികയിലേക്ക് പതുക്കെ ചേക്കേറുകയാണ് ഈ ഓമനക്കുരുവികൾ. അവയ്ക്ക്

കൂടൊരുക്കിയ മൺകുടങ്ങൾ നമ്മുടെ പീടികച്ചുവരുകളിൽ അനാഥമായിക്കിടക്കുന്നു.

കാക്ക കഴിഞ്ഞാൽ ഇത്രയേറെ വ്യാപകമായി കണ്ടുവന്നിരുന്ന വേറൊരു പക്ഷിയില്ല എന്നോർക്കുമ്പോഴാണ് ഈ കുഞ്ഞിക്കിളികളുടെ അസാന്നിദ്ധ്യം നമ്മെ നൊമ്പരപ്പെടുത്തുന്നത്. കഴിഞ്ഞ കുറേ വർഷങ്ങളായി കേരളത്തിലെ മാർക്കറ്റുകളിൽ പക്ഷിനിരീക്ഷകർ ഈ കുരുവികളുടെ എണ്ണം പരിശോധിച്ചുവരുന്നുണ്ട്. ഓരോവർഷവും കഴിയും തോറും ആശങ്ക ഉണർത്തുംവിധം അവയുടെ സംഖ്യ കുറയുകയാണ്. ഒട്ടേറെ ചെറുപട്ടണങ്ങളിൽ നിന്ന് അവ അമ്പേ അപ്രത്യക്ഷമായികഴിഞ്ഞു.

വംശനാശത്തിലേക്ക് നീങ്ങുന്ന ഈ കുരുവികളുടെ സംരക്ഷണത്തിലേക്ക് ജനശ്രദ്ധ ആകർഷിക്കുന്നതിനായി മാർച്ച് 20 അങ്ങാടിക്കുരുവി ദിനമായി ആഘോഷിച്ചുവരുന്നു. കേരളത്തിൽ എല്ലായിടത്തും തന്നെ പക്ഷിനിരീക്ഷകരും പ്രകൃതിസ്നേഹികളും ഈദിനം ആവേശപൂർവ്വം കൊണ്ടാടുന്നുണ്ട്. അങ്ങാടിക്കുരുവികളുടെ എണ്ണമെടുത്തും അവയ്ക്ക് കൂടുകൾ ഒതുക്കിക്കൊടുത്തും അവർ ഈ കുഞ്ഞുകിളികളോടുള്ള സ്നേഹവായ്പ് പ്രകടമാക്കുന്നു.

പക്ഷികൾ നമ്മുടെ ബാല്യകൗമാര കൗതുകങ്ങൾ മാത്രമല്ലെന്നും പ്രകൃതിയുടെ സന്തുലിത നിലനിൽപ്പിന്റെ അവിഭാജ്യഘടകമാണെന്നും ഇന്ന് നമുക്ക് അറിയാം. എങ്കിലും അനേകശതം പക്ഷികൾ ഈ ഭൂമുഖത്ത് നിന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. അവയെ സംരക്ഷിക്കാനുള്ള നമ്മുടെ ശ്രമങ്ങളൊന്നും വേണ്ടത്ര ഫലം കാണുന്നില്ല എന്നതാണ് സത്യം.

പക്ഷികൾ പൊതുവേ നാണം കുണുങ്ങികളാണ്. മനുഷ്യരോട് ചേർന്ന് ജീവിക്കുക അവയിൽ ഏറിയകൂറിനും ബുദ്ധിമുട്ടാണ്. എന്നാൽ അങ്ങാടിക്കുരുവികൾ ഈ പൊതുതത്വത്തിന് ഒരു അപവാദമാണ്. ആൾപ്പെരുമാറ്റം കൂടുതലുള്ള പട്ടണങ്ങളും നാൽക്കവലകളും ചന്തകളുമൊക്കെയാണ് അവയ്ക്ക് പഥ്യം. മനുഷ്യവാസമുള്ള സ്ഥലങ്ങൾ തെരഞ്ഞെടുക്കുന്ന പക്ഷികൾ വേറെയുമുണ്ടാവാം. എന്നാൽ മനുഷ്യവാസമില്ലാത്ത പ്രദേശങ്ങളിൽ ഒരിക്കലും തങ്ങാത്ത പക്ഷികളായി അങ്ങാടിക്കുരുവികളെ കാണൂ.

നമ്മുടെ കാൽച്ചുവട്വരെയെത്തി തീറ്റയെടുക്കാൻ അങ്ങാടിക്കുരുവികൾക്ക് മടിയില്ല. മനുഷ്യരോടുള്ള സഹവാസം ഇഷ്ടപ്പെടുന്ന പക്ഷികൾ എന്നതുകൊണ്ടാവണം വലിയ വർണ്ണസൗഭഗമൊന്നുമില്ലെങ്കിലും ഈ പക്ഷികൾ നമുക്ക് പ്രിയപ്പെട്ടവരാകുന്നത്.

പണ്ടൊക്കെ ഒരു പുതിയ കട തുറന്നാൽ ആദ്യം ചെയ്യുക കടയിൽ ഒരു മൺകലതൂക്കി കുരുവിക്ക് കൂടൊരുക്കുകയായിരുന്നുവെന്ന് പുരാതനമായ ചങ്ങനാശ്ശേരി മാർക്കറ്റിലെ ഒരു വ്യാപാരി പഴയകാലം ഓർത്തെടുത്ത് പറയുന്നു. മനു

**വംശനാശത്തിലേക്ക് നീങ്ങുന്ന ഈ കുരുവികളുടെ സംരക്ഷണത്തിലേക്ക് ജനശ്രദ്ധ ആകർഷിക്കുന്നതിനായി മാർച്ച് 20 അങ്ങാടിക്കുരുവി ദിനമായി ആഘോഷിച്ചുവരുന്നു. കേരളത്തിൽ എല്ലായിടത്തും തന്നെ പക്ഷിനിരീക്ഷകരും പ്രകൃതിസ്നേഹികളും ഈദിനം ആവേശപൂർവ്വം കൊണ്ടാടുന്നുണ്ട്. അങ്ങാടിക്കുരുവികളുടെ എണ്ണമെടുത്തും അവയ്ക്ക് കൂടുകൾ ഒതുക്കിക്കൊടുത്തും അവർ ഈ കുഞ്ഞുകിളികളോടുള്ള സ്നേഹവായ്പ് പ്രകടമാക്കുന്നു.**





ഷ്യനും പ്രകൃതിയും തമ്മിലുള്ള പാരസ്പര്യത്തിന്റ പ്രതീകം കൂടിയാവുന്നു അങ്ങാടിക്കുരുവി. അവ പീടികയ്ക്കുള്ളിലെ പ്രാണികീടങ്ങളെ തിന്നൊടുക്കുന്നു. പുറത്ത് വീണുപോകുന്ന ധാന്യമണികൾ കൊത്തിപ്പെറുക്കുകയല്ലാതെ അരിച്ചാക്കുകൾ കൊത്തിപ്പൊളിക്കാനൊന്നും ഈ കുരുവികളില്ല. അതുകൊണ്ട് തന്നെ വ്യാപാരികൾക്ക് അങ്ങാടികുരുവികൾ സുഹൃത്തുക്കൾ മാത്രം.

രാത്രിയും പക്ഷികൾക്ക് യഥേഷ്ടം കടക്കുള്ളിൽ കടക്കാവുന്നവിധം കടനിരയിൽ സുഷിരങ്ങൾ തീർത്തിരിക്കുന്ന വ്യാപാരശാലകൾ പഴയ അങ്ങാടികളിൽ ഇന്നുകാണാം. അത് കടകൾക്കുള്ളിലേക്ക് എയർകണ്ടീഷനറുകളും ഫാനുകളും കടന്നുവരുന്നതിനു മുമ്പുള്ള കാലം. എയർകണ്ടീഷൻഡ് കടകൾ പക്ഷികൾക്ക് മുമ്പിൽ വാതിലുകൾ കൊട്ടിയടച്ചു. ഫാനുകളാണ് അതിലേറെ കുരുവികൾക്ക് വിനാശമുണ്ടാക്കിയത്. അവയുടെ നീളൻ ചിറകുകൾ ആ കൊച്ചുജീവൻ എത്രയാണ് തല്ലിക്കെടുത്തിയത്. കീടനാശിനികളുടെ സുഗന്ധം പരത്തുന്ന സ്പ്രേകൾ കടകൾക്കുള്ളിലെ പ്രാണികളെ തുരത്തുമെന്നിരിക്കെ അങ്ങാടിക്കുരുവികളുടെ സേവനം വ്യാപാരിക്ക് ഇനി വേണ്ടെന്നായിരിക്കുന്നു. ചുരുക്കത്തിൽ അതിന്റെ സഹജ ആവാസവ്യവസ്ഥയിൽ നിന്ന് ഈ ചെറുപ്രാണികൾ നിശ്ശബ്ദം പുറത്താക്കപ്പെടുകയാണ്.

അങ്ങാടിക്കുരുവികളുടെ തിരോധാനത്തിന് വേറെയുമുണ്ട് കാരണങ്ങൾ. ചണച്ചാക്കുകളുടെ ചെറുസുഷിരങ്ങളുടെ ചന്തകളിലെവിടെയും ധാന്യമണികൾ ചിതറിയിട്ടിരിക്കുന്ന ഒരു കാലമുണ്ടായിരുന്നു. ഇപ്പോൾ വായുകടക്കാത്ത പ്ലാസ്റ്റിക് ചാക്കുകളിലാണ് അരിയും ഗോതമ്പുമെല്ലാം വരിക. അതുകൊണ്ടു തന്നെ ആകാശത്തിലെ പറവകൾക്കായി ധാന്യങ്ങൾ കടമുറ്റങ്ങളിൽ ബാക്കിവരാറില്ല. ഭക്ഷണത്തിന്റെ ദൗർലഭ്യം ഈ കുരുവികളുടെ എണ്ണത്തെ വല്ലാതെ ബാധിച്ചിരിക്കുന്നു.

ഭക്ഷ്യവസ്തുക്കളിലെ കീടനാശിനികളുടെ അളവ് കൂടിക്കൊണ്ടിരിക്കുന്നു. ധാന്യങ്ങളിലെ വിഷാംശങ്ങൾ ദുർബ്ബലമായ ഈ ചെറുജീവികളെ കൊന്നൊടുക്കുന്നു. നഗരഗ്രാമഭേദമന്യേ ഉയരുന്ന മൊബൈൽ വയറുകളാണ് ഏറ്റവും പുതിയ ഭീഷണി. അവ പ്രസരിപ്പിക്കുന്ന ഇലക്ട്രോമാഗ്നറ്റിക് തരംഗങ്ങൾ അങ്ങാടിക്കുരുവികളുടെ വംശനാശത്തിന് കാരണമാകുന്നുവെന്ന് പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു.

അങ്ങാടിക്കുരുവികളുടെ എണ്ണത്തിലെ വൻ ഇടിവ് കേവലം ഒരു പ്രാദേശിക പ്രതിഭാസമല്ലെന്നും ലോകമെമ്പാടും അവയുടെ എണ്ണം കുറയുകയുമാണെന്നുള്ള കണ്ടെത്തൽ പ്രകൃതിസ്നേഹികളെ കുറച്ചൊന്നുമല്ല അലോസരപ്പെടുത്തുന്നത്. അവയുടെ സംരക്ഷണത്തിലേക്ക് ജനശ്രദ്ധ ആകർഷിക്കുക എന്നതാണ് അങ്ങാടിക്കുരുവി ദിനാചരണത്തിന്റെ പൊരുൾ.

അങ്ങാടിക്കുരുവികളുടെ അസാന്നിദ്ധ്യത്തെക്കുറിച്ച് വേവലാതിപ്പെടുന്നത് പക്ഷിനിരീക്ഷകർ മാത്രമല്ല. മാർക്കറ്റുകളിലെ വ്യാപാരികളും തൊഴിലാളികളും അത് പങ്ക് വയ്ക്കുന്നു. തങ്ങളറിയാതെ ഈ ചെറുകുരുവികൾ തങ്ങളുടെ നിത്യജീവിതത്തിന്റെ ഭാഗമായിരുന്നുവെന്ന് ഇന്ന് അവരും തിരിച്ചറിയുന്നു. അങ്ങാടിക്കുരുവി സംരക്ഷണത്തിന് മർച്ചന്റ് അസോസിയേഷനുകളും തൊഴിലാളി യൂണിയനുകളും വരെ താൽപ്പര്യമെടുക്കുന്നുവെന്നത് ശുഭോദർക്കമാണ്.

നിലനിൽപ്പിന് വളരെക്കുറിച്ച് സൗകര്യങ്ങളേ അങ്ങാടിക്കുരുവികൾക്ക് വേണ്ടൂ. കടകളുടെ ഷട്ടറുകൾക്കിടയിലോ ഉപയോഗശൂന്യമായ ഒരു പൈപ്പ് കഷ്ണത്തിലോ, ചുവരിലെ ഒരു പൊത്തിലോ, അതുമല്ലെങ്കിൽ ഒരു പൊട്ടിയ മൺകുടത്തിലോ അവ കൂടുകെട്ടിക്കൊള്ളും. നാം അശ്രദ്ധമായി തൂവുന്ന ധാന്യമണികളോ ചെറുകീടങ്ങളോ മതി അവയ്ക്ക് ആഹരിക്കാൻ. സ്വസ്ഥമായ ഒരു ഇടംപോലും അവ ആവശ്യപ്പെടുന്നില്ല. തിരക്കും തിടുക്കവുമേറുന്ന ചന്തസ്ഥലമോ വീടുകളുടെ പരിസരമോ മതി അവയ്ക്ക് ജീവിക്കാൻ. ഇത്ര പരിമിത സൗക്രയങ്ങൾ മാത്രംതേടുന്ന അങ്ങാടിക്കുരുവികൾക്ക് നിലനിൽക്കാൻ ബുദ്ധിമുട്ടാണെങ്കിൽ പിന്നെ ഏതു പക്ഷിജാതിക്കാണ് ഈ ഭൂമിയിൽ ഇടം?

അങ്ങാടിക്കുരുവി ദിനം നമ്മെ ഓർമ്മപ്പിക്കുന്നത് എണ്ണം കുറഞ്ഞുപോകുന്ന ആ കുരുവികളെക്കുറിച്ച് മാത്രമല്ല. മനുഷ്യൻ തകിടം മറിച്ച ആവാസവ്യവസ്ഥകളിൽ നിലനിൽക്കാൻ കഴിയാതെ ഒന്നൊന്നായി അപ്രത്യക്ഷമാകുന്ന എല്ലാ ജീവജാലങ്ങളെക്കുറിച്ചും കൂടിയാണ്.●

*ആകാശവാണി പോണ്ടിച്ചേരി വാർത്താ വിഭാഗം അസിസ്റ്റന്റ് ഡയറക്ടറാണ് ലേഖകൻ*

കവിത



# നെടുവീർപ്പ്

ടി.ചന്ദ്രൻ, വണ്ടൂർ

പുഞ്ചിരി തൂകുന്ന മക്കളെ കാണുമ്പോൾ
നെഞ്ചിന്റകത്തെന്തോരാധിയാണീശ്വര
ഇന്നിന്റെ ലോകത്തിന് സ്പന്ദനമറിയാതെ
പിഞ്ചോമന മക്കൾ തുള്ളിക്കളിക്കുന്നു

വായു മലീമസം വെള്ളത്തിൽ മാലിന്യം
അന്നത്തിൽ പാഷാണം അമ്മിഞ്ഞപ്പാലിലും
ഇല്ലകളിസ്ഥലം ഗോലി കളിക്കുവാൻ
ഓടിക്കളിക്കുവാൻ മൈതാനവുമില്ല

വീട്ടുവളപ്പെല്ലാം വീടായിപ്പോയല്ലോ
തുമ്പിക്കും തൂമ്പയ്ക്കും പിന്നെവിടെ സ്ഥാനങ്ങൾ

അണ്ണാരക്കണ്ണൻമാർ മണ്ണിലിന്നില്ലല്ലോ
തത്തമ്മപ്പെണ്ണിനേം കാണുവാനേയില്ല

മാമരമില്ലാത്ത കാവുകളില്ലാത്ത
നാട്ടിലിന്നെങ്ങിനെ കാക്കൾ ചേക്കേറും
മേച്ചിൽ സ്ഥലമില്ല നാക്കാലിയുമില്ല
തോട്ടിലും പാടത്തും പരൽമീനുമില്ലല്ലോ
മാങ്ങക്കെറിഞ്ഞീട്ടും അണ്ടിപറിച്ചീട്ടും
കൈയ്യുറപ്പുള്ളാ തലമുറ പോയെല്ലോ
കൂട്ടുകുടുംബങ്ങൾ മുറ്റത്തിരുന്നിട്ടു
ചക്കപ്പഴം തിന്നുംകാഴ്ചയുമില്ലല്ലോ

*ജനറൽ എക്സ്റ്റൻഷൻ ഓഫീസറാണ് ലേഖകൻ*

# കൃഷി ഒരു ജീവിതപാഠം

## ഹരിത കാന്തിയിൽ ഒരു കുടുംബം



**അതിരാവിലെ എഴുന്നേറ്റ് അർപ്പണ ബോധത്തോടെ കൃഷിക്ക് വേണ്ടിമാത്രം പകലുകൾ മുഴുവൻ ചെലവിടുന്ന ഒരു വ്യത്യസ്ഥ കുടുംബം. നൂറ്റിയമ്പത് വർഷമെങ്കിലും കൃഷി പാരമ്പര്യമുള്ള കുടുംബത്തിലെ ഏറ്റവും പുതിയ തലമുറയിലെ കൃഷി ഏറ്റെടുത്ത കർഷകനാണ് അയൂബ്.**

രമേഷ്കുമാർ വെള്ളമുണ്ട

എറണാകുളത്തെ മൾട്ടിനാഷണൽ കമ്പനിയുടെ തിരക്കിൽപ്പെട്ട ജോലി.എന്തിനും ഏതിനും മത്സരിക്കാൻ നിയോഗിക്കപ്പെട്ട ഒരു പറ്റം ജീവനക്കാർക്കിടയിൽ പകലുകളും രാത്രിയും പോയതറിഞ്ഞില്ല. വയനാട് ചെറുകര ആറുവാളിൽ തോട്ടോളി അയൂബ്, സാബിറ യുവകർഷക ദമ്പതികളുടെ എട്ടു വർഷം മുമ്പുള്ള തിരക്കുകളൊഴിയാത്ത ദിവസങ്ങളിലേക്ക് ഓർമ്മകൾ പാഞ്ഞുപോയി. താമസസൗകര്യവും തരക്കേടില്ലാത്ത വരുമാനവും വിലാസവും എല്ലാം ലഭിച്ചിട്ടും ഇതൊന്നും വേണ്ടെന്ന് വെച്ച് കൃഷിയെന്ന വലിയ ലോകത്തിലേക്കാണ് ഇവർ തിരികെയെത്തിയത്. സാമ്പത്തിക ശാസ്ത്രത്തിലും ഗണിതശാസ്ത്രത്തിലും നേടിയ ബിരുദങ്ങളൊക്കെ തൽക്കാലം മാറ്റി വെച്ചു. നനവറിയുന്ന മണ്ണിലേക്ക് മനസ്സുറപ്പിച്ച് വെച്ച കാൽവെപ്പുകൾ വെറുതെയായില്ല. ഇന്ന് വിശാലമായ പച്ചപ്പിനുള്ളിൽ ഈ ഹരിത കുടുംബം വിജയഗാഥകൾ പറയുകയാണ്.

കൃഷിചെയ്യാൻ മണ്ണുപോലും



വേണ്ടാത്ത നവയുഗത്തിലെ ഹൈടെക് കർഷകനല്ല. അതിരാവിലെ എഴുന്നേറ്റ് അർപ്പണ ബോധത്തോടെ കൃഷിക്ക് വേണ്ടിമാത്രം പകലുകൾ മുഴുവൻ ചെലവിടുന്ന ഒരു വ്യത്യസ്ഥ കുടുംബം. നൂറ്റിയമ്പത് വർഷമെങ്കിലും കൃഷി പാരമ്പര്യമുള്ള കുടുംബത്തിലെ ഏറ്റവും പുതിയ തലമുറയിലെ കൃഷി ഏറ്റെടുത്ത കർഷകനാണ് അയൂബ്. പിതാവ് ഇബ്രാഹിം ഹാജി കൈമാറിയ പാരമ്പര്യ കൃഷി അറിവുകളും കാർഷിക മേഖലയിലെ ശാസ്ത്രീയ വിജ്ഞാനവും കോർത്തിണക്കിയാണ് കൃഷി മുന്നോട്ട് കൊണ്ടു പോകുന്നത്. വരും തലമുറയിൽ നിന്നും കടംകൊണ്ടതാണ് ഈ മണ്ണ് എന്ന് ഓർമ്മപ്പെടുത്തുന്ന സ്വന്തം കൃഷി പാഠശാല ഇതിനെല്ലാം ഉത്തരമാകും. സ്വന്തം രണ്ട് ഏക്കർ സ്ഥലവും എട്ട് ഏക്കർ ഭൂമി പാട്ടത്തിനെടുത്തുമാണ് കൃഷിയിറക്കുന്നത്. ഭാര്യ സാബിറയും കൃഷിക്ക് പൂർണ്ണ പിന്തുണ നല്കിയതോടെയാണ് മറ്റു ജോലിയെല്ലാം ഉപേക്ഷിക്കാൻ തീരുമാനമായത്.

രാസകൃഷി പരമാവധി ഉപേക്ഷിച്ചു. ചാണകവും കടലപ്പിണ്ണാക്കും ചേർത്ത് പുളിപ്പിച്ചെടുത്ത ജീവാമൃതം ലായിനിയാണ് പ്രധാന വളം. വീടിനു മുമ്പിലായി വലിയൊരു പോളിഹൗസ്. അതിനുള്ളിൽ നിറയെ വിവിധയിനം തൈകളുടെ നഴ്സറികൾ.കൃഷിയിടമാകെ വല കൊണ്ട് വേർതിരിച്ച് ഒരോയിനം കോഴികൾ. ഗ്രാമപ്രീയ, ഗ്രാമശ്രീ, ടർക്ക് ഇങ്ങനെ നീളുന്നു ഇവയുടെ ലിസ്റ്റ്. തൊട്ടു താഴെയുള്ള വയലുകൾ നിറയെ നിരവധിയിനം പച്ചക്കറികൾ. കാബേജും മത്തനും ചോളവും പയറും തുടങ്ങി പതിനഞ്ചോളം ഇനങ്ങൾ. ഇവയ്ക്കെല്ലാം പ്രത്യേകമായ ഇടങ്ങൾ. ഏതു സീസണിലും വിളവെടുക്കാൻ പാകത്തിൽ കൃഷി ക്രമീകരിച്ചിരിക്കുന്നു.വിപണിയും തോട്ടത്തിനരികിലായി തന്നെ തുറന്നിട്ടുണ്ട്.ആവശ്യക്കാർക്കെല്ലാം ഏതു സമയത്തു വന്നാലും അപ്പോൾ വിളവെടുത്ത ഉത്പന്നങ്ങളുമായി മടങ്ങാം.

ജൈവ കൃഷിരീതി പച്ചക്കറികളിൽ തുടരുന്നതിനാൽ ആറുമാസത്തോളം കാലം തുടർച്ചയായി ഒരോ ചെടികളിൽനിന്നും വിളവെടുപ്പ് നടത്താനും ഇവർക്ക് കഴിയുന്നു.രാസ കൃഷിയിൽ മൂന്നുമാസത്തോളം കാലം മാത്രമാണ് വിളവെടുക്കാൻ കഴിയുക. സാമ്പത്തികമായും ജൈവകൃഷി ലാഭകരമാണ് എന്നാണ് ഇവർ അടിവരയിടുന്നത്. എന്നാൽ നേന്ത്ര വാഴകൃഷിയിൽ അൽപ്പം രാസവള പ്രയോഗം നടത്താതെ മുന്നോട്ട് പോകാൻ കഴിയില്ലെന്ന നിലപാടും ഇവർക്കുണ്ട്.

കൊളുബ്രിയൻ എന്ന ബ്രസീലിയൻ കാട്ടുചെടിയിൽ ഗ്രാഫ്റ്റ് ചെയ്ത കുരുമുളക് വള്ളികൾ തോട്ടത്തിലാകമാനം താങ്ങുമരങ്ങളിൽ പടർന്നുകയറിയിട്ടുണ്ട്.മറ്റിടങ്ങളിലൊക്കെ കുരുമളക് ഉത്പാദനം കുത്തനെ താഴ്ന്നപ്പോഴും ഈ തോട്ടത്തിൽ തരക്കേടില്ലാത്ത രീതിയിൽ ഇത്തവണയും കുരുമുളക് പറിക്കാനുണ്ട്. ഇതുകൊണ്ട് തന്നെ പോളിഹൗസിൽ വിപുലമായ രീതിയിൽ കുരുമുളക് ഗ്രാഫ്റ്റിങ്ങ് നടത്തിയിട്ടുണ്ട്.

അൽപ്പം ശാസ്ത്രീയത ഉൾക്കൊണ്ട്

**താമസസൗകര്യവും തരക്കേടില്ലാത്ത വരുമാനവും വിലാസവും എല്ലാം ലഭിച്ചിട്ടും ഇതൊന്നും വേണ്ടെന്ന് വെച്ച് കൃഷിയെന്ന വലിയ ലോകത്തിലേക്കാണ് ഇവർ തിരികെയെത്തിയത്. സാമ്പത്തിക ശാസ്ത്രത്തിലും ഗണിതശാസ്ത്രത്തിലും നേടിയ ബിരുദങ്ങളൊക്കെ തൽക്കാലം മാറ്റി വെച്ചു. നനവറിയുന്ന മണ്ണിലേക്ക് മനസ്സുറപ്പിച്ച് വെച്ച കാൽവെപ്പുകൾ വെറുതെയായില്ല. ഇന്ന് വിശാലമായ പച്ചപ്പിനുള്ളിൽ ഈ ഹരിത കുടുംബം വിജയഗാഥകൾ പറയുകയാണ്.**



കൃഷി കുടെ കൊണ്ടുവന്നാൽ ആർക്കും വിജയിക്കാമെന്നാണ് ഇവരുടെ അനുഭവപാഠം. രാസകീടനാശിനികൾക്ക് പകരമായുള്ള ജൈവകീടനാശിനികൾ ഫലപ്രദമാണ്. ഫിറമോൺ കെണിയടക്കം ഇതിനായി ഉപയോഗപ്പെടുത്താം. കപ്പ കൃഷി ചെയ്യുമ്പോൾ കൂടെ പയറ് കൃഷി നടത്താം. മാംസ്യ വിപണി ശക്തമാകുന്ന ഇക്കാലത്ത് മുയൽ വളർത്താം. കടലില്ലാത്ത വയനാട്ടിൽ മത്സ്യകൃഷിക്കും അനന്ത സാധ്യതയുണ്ട്. അയൂബിന്റെ കൃഷിയിടത്തിൽ ഇതെല്ലാമുണ്ട്. അതുകൊണ്ട് വരുമാനത്തിനും കുറവില്ല. ഇടനിലക്കാരില്ലാത്ത വിപണി സമ്പ്രദായത്തെയും അയൂബ് പരിചയപ്പെടുത്തുന്നുണ്ട്. ഇക്കോ ഷോപ്പുകാരും നാട്ടുകാരമെല്ലാം ഇവിടെ നേരിട്ട് പച്ചക്കറികൾ വാങ്ങാനെത്തുന്നു. പ്രതിമാസം ടൺ കണക്കിന് പച്ചക്കറികളാണ് ഇവിടെ നിന്നും കയറ്റി പോകുന്നത്.

2013 ൽ കൃഷി വകുപ്പ് തെരഞ്ഞെടുത്ത ഫാം സ്കൂൾ കൂടിയാണ് ഈ കൃഷിയിടം. സ്കൂൾ കുട്ടികൾ മുതൽ മുതിർന്ന കർഷകർ വരെ ഇവിടെ പഠിതാക്കളായി എത്തുന്നു. ക്ഷമാപൂർവ്വം കൃഷിരീതികളെക്കുറിച്ചെല്ലാം ഇവർക്ക് വിശദീകരിച്ചു നല്കും. ഒരോ ദിവസവും കൃഷിയിടത്തിൽ അതിഥികൾ ധാരാളമുണ്ടാകും. വിരുന്നുകാർക്കെല്ലാം നാടൻ വിഭവങ്ങളൊരുക്കി സത്കരിക്കാനും ഈ ദമ്പതികൾ ഉത്സാഹിക്കുന്നു. നാട്ടുരുചിയുടെ നന്മകൾ കൂടിയാണ് ഇവർ മറ്റുള്ളവരുമായി പങ്കുവെക്കുന്നത്.

പ്രദേശത്തെ സാംസ്കാരിക കൂട്ടായ്മയിലും സജീവ പ്രവർത്തകനായിരുന്നു അയൂബ്. അറിയപ്പെടുന്ന നാടകരചയിതാവുമായിരുന്നു. കൃഷി ഒരു തൊഴിലാക്കി മാറ്റിയതോടെ ഇതിനൊന്നും ഇപ്പോൾ നേരമില്ല. ഭാര്യ സാബിറയും കിട്ടിയ ബാങ്ക് ജോലി പോലും വേണ്ടെന്ന് വെച്ചു. പണിക്കാർക്കെല്ലാം ഭക്ഷണം പാകം ചെയ്തു കൊടുക്കൽ തന്നെ ഒരു ജോലിയാണ്. ഇതിനിടയിൽ കൃഷിയിടത്തിലും ഒരോ കാര്യങ്ങൾക്ക് വേണ്ടി ഓടി നടക്കണം. തിരക്കിട്ട ഒരോ ദിനവും ഉത്സാഹത്തോടെ കഴിയുന്നു. കൃഷി നൽകുന്ന ആത്മ സംതൃപ്തിയാണ് ഇതിനു പിന്നിലെല്ലാം.

കുടുംബ കൃഷിയുടെ അന്താരാഷ്ട്ര വർഷമായി ഐക്യരാഷ്ട്ര സഭ 2014 ആചരിക്കുമ്പോൾ ആദ്യവേളയിൽ തന്നെ ഹരിത വിപ്ലവ നായകൻ ഡോ. എം.എസ് സ്വാമിനാഥനിൽ നിന്നും ആദരവ് ഏറ്റുവാങ്ങാൻ കഴിഞ്ഞതിന്റെ സന്തോഷത്തിലാണ് ഈ യുവകർഷക ദമ്പതികളുടെ കുടുംബം. ജോലി ഉപേക്ഷിച്ച് കൃഷിയിൽ വന്നതിന്റെ ഏറ്റവും വലിയ സൗഭാഗ്യം. വയനാട് ആത്മ മിശ്ര കർഷകൻ അവാർഡ്, പഞ്ചായത്തിലെ മികച്ച കർഷകൻ അവാർഡ്, മികച്ച മത്സ്യ കർഷകൻ അവാർഡ് എന്നിവയെല്ലാം ഇതിനകം ഇവരെ തേടിയെത്തി.കാർഷിക രംഗത്തോട് മുഖം തിരിക്കുന്നവർക്കെല്ലാം ഒരു തിരുത്താണ് അയൂബ് സാബിറ ദമ്പതികൾ നൽകുന്നത്. മണ്ണിന്റെ മനസ്സറിഞ്ഞാൽ മണ്ണും മനുഷ്യനെ തിരിച്ചറിയുമെന്ന സന്ദേശം ഇവർ നൽകുന്ന ജീവിതപാഠമാണ്. കാർഷിക സംശയങ്ങൾക്കെല്ലാം ഉത്തരം ലഭിക്കാൻ അയൂബിനെ വിളിക്കാം 8281581704.●



# കേരളമണ്ണിലെ കോവൽകൃഷി

**കോവലിന്റെ കൃഷി പണ്ടൊക്കെ ഒന്നുരണ്ട് മൂട്, എല്ലാം വീട്ടുപറമ്പിലുമുണ്ടായിരുന്നു. എന്നാൽ ഇന്നീ വിളയെ വാണിജ്യാടിസ്ഥാനത്തിൽ തന്നെ കൃഷിയിറക്കി ലാഭം നേടുന്ന കർഷകരെ കാണാം.**

**എം.എ.സുധീർബാബു, പട്ടാമ്പി**

**2014** - അന്താരാഷ്ട്ര കുടുംബകൃഷി വർഷമായി ആചരിക്കുകയാണ്. ഇതിന്റെ ഭാഗമായി കുടുംബകൃഷി (Family Farming) എന്നാശയം പ്രചരിപ്പിക്കുന്നതിന് ശ്രമം നടന്നു വരികയാണ്. ഇതിൽ വ്യത്യസ്ത പച്ചക്കറി വിളകളുടെ കൃഷിയ്ക്കും പ്രചാരം നൽകാൻ ശ്രമമാവശ്യമാണ്.

പച്ചക്കറി വിളകൾ (Vegetable Crops) ഭക്ഷ്യവിളകൾ, പഴവിളകൾ, എന്നിവയെല്ലാം സുരക്ഷയുടെ ഭാഗമാണ്. ഇതിൽ പച്ചക്കറികളെയും, പഴവിളകളെയും പൊതുവിൽ പറയുന്നത്. സംരക്ഷിതാഹാരങ്ങൾ (Protective foods) എന്നാണല്ലോ.

പോഷകാഹാരം ലഭിക്കാൻ, ഓരോ കുടുംബത്തിലും ശ്രദ്ധയാവശ്യമാണ്. ഇതിൽ അടുക്കളത്തോട്ടം നിർമ്മിക്കാനുള്ള ശ്രമമാണാദ്യം വേണ്ടത്. ഇതിൽ തന്നെ ഒഴിവാക്കാൻ പറ്റാത്ത വിളയാണ് കോവൽ അഥവാ കോവയ്ക്ക.

സസ്യശാസ്ത്രപരമായി കോവലിനെ കോക്ക്സ്സീനിയ ഗ്രാൻഡിസ് (Coccinia grandis) എന്നു പറയും. ഇംഗ്ലീഷിൽ ലിറ്റിൽ ഗോർഡ്, ഐവി ഗോർഡ് (Ivy gourd) എന്നും പറയും. വെള്ളരിവർഗ്ഗപച്ചക്കറി വിളകൾ ഉൾപ്പെട്ട സസ്യകുടുംബാംഗമാണിത്. കുക്കുർബിറ്റേസിയേ എന്ന വലിയ കുടുംബത്തിൽപ്പെട്ട കോവൽ, വളരെയെളുപ്പം തന്നെ നമുക്ക് നട്ടുപിടിപ്പിക്കാം.

നല്ല വിളവുകിട്ടാൻ നാടൻ ഇനങ്ങൾക്കുപുറമേ കേരള കാർഷിക സർവ്വകലാശാല പുറത്തിറക്കിയ സുലഭ എന്നയിനവും നടാം. കോവലിൽ ആൺച്ചെടിയും, പെൺചെടിയും വെവ്വേറെയാണ്. കോവലിന് പോഷക ഗുണങ്ങളും ഔഷധഗുണങ്ങളും ഉണ്ട്. കോവലിന്റെ ഇല, തണ്ട്, വേര്, കായ് എന്നിവയ്ക്കെല്ലാം ഔഷധഗുണമുണ്ട്.

ത്വക്ക് രോഗങ്ങൾ, പ്രമേഹം, കഫജന്യരോഗങ്ങൾ എന്നിവ ശമിപ്പിക്കാൻ കോവലിനു ശേഷിയുണ്ട്. കോവലിന്റെ ഇല നല്ല ഇലക്കറിയാക്കി ഉപയോഗി



ക്കാം. ചീര, വെയ്ക്കുന്നതുപോലെ കോവലിന്റെ ഇലയും തോരനാക്കാം. കോവലിന്റെ തണ്ടുകൾ ഏതുസമയത്തും നടാം. നനസൗകര്യമുണ്ടെങ്കിൽ പിടിച്ചുകിട്ടാൻ പ്രയാസമില്ല. നനസൗകര്യമില്ലാത്തവർ, മഴസമയങ്ങളിലാണ് തണ്ട് നടുന്നത്. മെയ്, ജൂൺ, സെപ്തംബർ, ഒക്ടോബർ മാസങ്ങളിൽ നടാം.

നാടൻ കോവലിൽ 2 തരങ്ങൾ കാണാറുണ്ട്. കയ്പ്പുരസം ഉള്ളതും, കയ്പ്പില്ലാത്തതും. ഇലകളുടെ പ്രത്യേകതകൾ വഴി ഇവയെ തിരിച്ചറിയാൻ പറ്റും.

കയ്പ്പില്ലാത്ത കോവലിന്റെ ഇനങ്ങളിലെ ഇലകൾക്ക്, മിക്കവാറും, അഞ്ചിതളുകൾ ഉണ്ടാവും. അവയിലെ കായ്കൾക്ക് ഇളംപച്ചനിറവുമാണ്.

കോവലിന്റെ കൃഷി പണ്ടൊക്കെ ഒന്നുരണ്ട് മൂട്, എല്ലാം വീട്ടുപറമ്പിലുമുണ്ടായിരുന്നു. എന്നാൽ ഇന്നീ വിളയെ വാണിജ്യാടിസ്ഥാനത്തിൽ തന്നെ കൃഷിയിറക്കി ലാഭം നേടുന്ന കർഷകരെ കാണാം. കോട്ടയം ജില്ലയിലെ കോഴ, കൊല്ലം ജില്ലയിലെ പുനലൂർ, പത്തനംതിട്ടയിലെ വിവിധപ്രദേശങ്ങൾ, തൃശൂർ ജില്ലയിലെ കണ്ണാറ, പഴയന്നൂർ, ചേലക്കര, പട്ടിക്കാട്, വടക്കാഞ്ചേരി, മുണ്ടത്തിക്കോട്, തെക്കുംകര, മലപ്പുറം ജില്ലയിലെ ചില പ്രദേശങ്ങൾ, കാസർഗോഡ് എന്നിവിടങ്ങളിലും പാലക്കാടൻ ഗ്രാമങ്ങളിലും, കോവൽ സ്ഥിരം കൃഷി ചെയ്യുന്നവരെ കാണാം.

**ത്വക്ക് രോഗങ്ങൾ, പ്രമേഹം, കഫജന്യരോഗങ്ങൾ എന്നിവ ശമിപ്പിക്കാൻ കോവലിനു ശേഷിയുണ്ട്. കോവലിന്റെ ഇല നല്ല ഇലക്കറിയാക്കി ഉപയോഗിക്കാം.**

തവളക്കോവൽ, കട്ടൻകോവൽ, വെള്ളരികോവൽ എന്നിവയാണ് ചില നാടനിനങ്ങൾ. ഇവയെ തൃശൂരിലെ ചേലക്കര, പഴയന്നൂർ പ്രദേശങ്ങളിൽ കാണാറുണ്ട്.

കേരളകാർഷിക സർവ്വകലാശാല പുറത്തിറക്കിയ, മികച്ച വിളവ് തരുന്ന യിനമാണ് സുലഭ. രോഗകീടശല്യം കുറവാണ്. നീണ്ട ഉരുണ്ട ആകൃതിയും. ഇളം പച്ചനിറത്തിലുള്ള നീളൻ വരകളുള്ള കായ്കൾ കാണാം.

## നടീലിൽ നല്ല ശ്രദ്ധവേണം

നല്ല, കായ്പിടിത്തമുള്ള ചെടികളിൽ നിന്നുമെടുക്കുന്ന ചാരനിറമുള്ള 30 മുതൽ 40 സെ.മീ.വരെ നീളമുള്ള തണ്ട് മുറിച്ച് നടണം. നടാനുപയോഗിക്കുന്ന തണ്ടിൽ, രോഗകീടശല്യം ഉള്ളതായി കണ്ടാൽ, നടാൻ പാടില്ല.

മേൽമണ്ണ്, ചാണകം, കമ്പോസ്റ്റ് എന്നിവ നിറച്ച മിശ്രിതത്തിൽ കമ്പ് നടണം. ഓരോ കുഴിയിലും രണ്ടോ–മൂന്നോ തണ്ടുകൾവീതം നടണം. 3 മുട്ട് വീതമുള്ള കമ്പാണ് നടേണ്ടത്. തണ്ടിലെ ഒരു മുട്ട് ആഴത്തിൽ കുഴിച്ചിടണം.

മെയ്–ജൂൺ, സെപ്റ്റംബർ–ഒക്ടോബർ മാസങ്ങളിലാണ് കോവൽ കൃഷി ചെയ്യേണ്ടത്. എന്നാൽ നനസൗകര്യം ഉണ്ടെങ്കിൽ എപ്പോഴും നടാം.

നല്ല നീർവാർച്ചയുള്ള മണ്ണ്, നല്ല ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ, ആവശ്യാനുസരണം നന, ജൈവവള പ്രയോഗം എന്നിവ വഴി കോവൽ കൃഷി പ്രചരിപ്പിച്ച് നല്ല ആദായം ലഭ്യമാക്കാം. വേപ്പിൻ പിണ്ണാക്ക്, ചുവട്ടിൽ ചേർത്തശേഷം തണ്ടു നട്ടാൽ, വിരശല്യം വരില്ല. കപ്പലണ്ടി (നിലക്കടല) പ്പിണ്ണാക്ക്, വെള്ളത്തിൽ കുതിർത്ത തെളി ചുവട്ടിലൊഴിച്ചാലും നല്ലവിളവു കിട്ടും.

സ്യൂഡോമോണാസ്, ട്രൈക്കോഡെർമ, എന്നിവയുടെ ഉപയോഗം സ്ഥിരമാക്കിയാൽ നല്ലവിളവും, വരുമാനവും ഉറപ്പിക്കും. ഗ്രാമതലത്തിൽ അന്താരാഷ്ട്ര കുടുംബകൃഷി വർഷാചരണ ഭാഗമായി കോവൽ കൃഷി പ്രചരിപ്പിക്കാൻ കോവൽ ഗ്രാമം അല്ലെങ്കിൽ കുടുംബകൃഷിയിൽ കോവൽ കൃഷി എന്നീപേരിൽ കാമ്പയിനുകൾ സംഘടിപ്പിക്കണം. നല്ല നടീൽ വസ്തുക്കൾ കർഷകർ കൂട്ടമായി വാങ്ങി, വാണിജ്യാടിസ്ഥാനത്തിൽ തന്നെ കോവൽകൃഷി ചെയ്യാം. കോവലിന്റെ നല്ല നടീൽ വസ്തുക്കൾക്കായി കേരള സർവ്വകലാശാലയിൽ ബന്ധപ്പെടാവുന്നതാണ്.●

*തൃശൂർ സോയിൽ സർവേ ഓഫീസറാണ് ലേഖകൻ*

## നിയോജക മണ്ഡലാടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്തുകളുടെ പുനഃക്രമീകരണത്തിനായി ശുപാർശ സമർപ്പിക്കുന്നതിന് കമ്മിറ്റി രൂപീകരിച്ചു

വിവിധ സ്രോതസ്സുകളിൽ നിന്നും ലഭിക്കുന്ന ഫണ്ട് വിനിയോഗം കാര്യക്ഷമമാക്കുവാനും അതുവഴി ഗ്രാമ പ്രദേശങ്ങളിലെ വികസന പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനും, സംസ്ഥാനത്തെ ഗ്രാമപ്രദേശങ്ങളിലെ നിയമസഭാ നിയോജകമണ്ഡലങ്ങളും വികസന ബ്ലോക്കുകളും ഏകോപിച്ച് പ്രവർത്തിക്കുന്നത് ഉചിതമായിരിക്കുമെന്ന് വിലയിരുത്തപ്പെടുന്നു. നിയമസഭാ സാമാജികർക്ക് നിശ്ചിത എണ്ണം ബ്ലോക്ക് കേന്ദ്രീകരിച്ച് അവരുടെ പദ്ധതികളും ത്രിതല പഞ്ചായത്തിന്റെ പദ്ധതികളും ഏകോപിപ്പിച്ച് നടപ്പിലാക്കുവാൻ നിലവിലുള്ള നിയമസഭാ മണ്ഡലങ്ങളിൽ ഉൾപ്പെടുന്ന ബ്ലോക്ക് പഞ്ചായത്തുകളുടെ എണ്ണം ഒരു നിയോജകമണ്ഡലത്തിൽ ഒന്നോ അല്ലെങ്കിൽ രണ്ടോ എന്ന രീതിയിൽ പുന:ക്രമീകരിക്കേണ്ടതുണ്ട്.

ഈ രീതിയിൽ സംസ്ഥാനത്തെ ഗ്രാമ പ്രദേശങ്ങളിലെ നിയോജകമണ്ഡലങ്ങൾ ഉൾപ്പെടുന്ന ബ്ലോക്ക് പഞ്ചായത്തുകളുടെ എണ്ണം പുന:ക്രമീകരിച്ച് ഉത്തരവ് ഇറക്കാൻ ആവശ്യമായ ശുപാർശ സർക്കാരിന് നൽകുവാൻ താഴെപ്പറയുന്ന കമ്മിറ്റിയെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസ്തുത കമ്മിറ്റി ഈ വിഷയം വിശദമായി പഠിച്ച് പഞ്ചായത്ത് രാജ് ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി 31.05.2013 ന് അകം ആവശ്യമായ റിപ്പോർട്ട് അനന്തര നടപടികൾക്കായി സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

**ഉത്തരവ് നം: സ.ഉ.(സാധാ) നം. 756/2014/തസ്വഭവ തദ്ദേശസ്വയംഭരണ (ഇ.എം) വകുപ്പ്. തിരുവനന്തപുരം, തീയതി: 13.03.2014**

## ഗ്രാമപഞ്ചായത്തുകളുടെ ദൈനംദിന പ്രവർത്തനങ്ങളിൽ കുടുംബശ്രീ പ്രവർത്തകരുടെ സഹകരണം ഉറപ്പാക്കി

ഗ്രാമപഞ്ചായത്തുകളുടെ ജോലിഭാരം കണക്കിലെടുത്ത് നികുതി പിരിവുകൾ ഉപ്പെടെയുള്ള വിവിധ ഫീൽഡ് ചുമതലകളിൽ കുടുംബശ്രീ സംവിധാനത്തെ സഹകരിപ്പിച്ച് പഞ്ചായത്തുകളുടെ പ്രവർത്തനം സുഗമമാക്കാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളണമെന്ന് പുൽപ്പറ്റ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സൂചന ഒന്നിലെ കത്തു പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അസംഘടിത തൊഴിലുകൾ സി.ഡി.എസ്. മുഖേന അയൽക്കൂട്ട പ്രവർത്തകർക്ക് നൽകുന്നത് ഈ രംഗത്ത് ക്രിയാപരമായ ഒരു മുന്നേറ്റമുണ്ടാക്കാൻ സാധ്യമാകുമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറും, ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനങ്ങളിൽ ചിലത് കുടുംബശ്രീയെ ഏൽപ്പിക്കുന്നത് പഞ്ചായത്ത് ഓഫീസുകളുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് സഹായകരമാകുമെന്ന് പഞ്ചായത്ത് ഡയറക്ടറും, ഈ വിഷയത്തിന്മേൽ പരാമർശ കത്തുകൾപ്രകാരം സർക്കാരിൽ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകളുടെ ദൈനംദിന പ്രവർത്തനങ്ങളിൽ താഴെപറയുന്ന കാര്യങ്ങളിൽ കുടുംബശ്രീ അംഗങ്ങളെ സഹകരിപ്പിക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. നികുതി പിരിവുമായി ബന്ധപ്പെട്ട ക്യാമ്പ് കളക്ഷൻ നടത്തുന്ന വേളകളിൽ നോട്ടീസ് വിതരണം നടത്തുന്നതിനും അനൗൺസ്മെന്റ് നടത്തുന്നതിനും സഹകരിപ്പിക്കുക.
2. ഗ്രാമസഭകളുടെ സംഘാടനം, പ്രചരണം, ബോധവത്ക്കരണം തുടങ്ങിയ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക.
3. പൊതുജനങ്ങൾക്ക് ഗ്രാമപഞ്ചായത്ത് ആഫീസുമായി ബന്ധപ്പെട്ട അപേക്ഷകൾ തയ്യാറാക്കുന്നതിനും, സേവനങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകുന്നതിനും ഹെൽപ് ഡെസ്ക് ആയി പ്രവർത്തിപ്പിക്കൽ.
4. ഗ്രാമപഞ്ചായത്തിലെ ജാഗ്രത സമിതിയുടെ പ്രവർത്തനങ്ങളിലും വിവിധ കമ്മിറ്റികളിലും സഹകരിപ്പിക്കുക.
5. ഗ്രാമപഞ്ചായത്തുകളിൽ വാർഡടിസ്ഥാനത്തിൽ രൂപീകരിക്കുന്ന ആരോഗ്യ ശുചിത്വസമിതികളുടെ പ്രവർത്തനങ്ങളിൽ സഹകരിപ്പിക്കുക.

മേൽ പ്രവർത്തനത്തിനാവശ്യമായ ചെലവ് പഞ്ചായത്തുകളുടെ തനതു ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്.

**ഉത്തരവ് നം: സ.ഉ.(കൈ) നം. 57/2014/തസ്വഭവ തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്. തിരുവനന്തപുരം, തീയതി: 19.03.2014**

# വരൾച്ച മുൻകരുതൽ നടപടികൾ കുടിവെള്ള പദ്ധതികൾ സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ

2014-ലെ വേനൽക്കാലത്ത് സംസ്ഥാനം നേരിടാൻ പോകുന്ന കുടിവെള്ള ക്ഷാമവും വരൾച്ചയും മുന്നിൽകണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഇലക്ട്രിസിറ്റി കണക്ഷൻ ലഭിക്കാത്തതുമൂലം മുടങ്ങിക്കിടക്കുന്ന കുടിവെള്ള പദ്ധതികൾക്ക് മുൻഗണന നൽകി വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. അതിനോടൊപ്പം താരതമ്യേന ചെറിയ മുതൽ മുടക്കുകൊണ്ട് പ്രവർത്തിപ്പിക്കാൻ കഴിയുന്ന കുടിവെള്ള പദ്ധതികൾ പ്രാവർത്തികമാക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രാഥമിക പരിഗണന നൽകി നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**ഉത്തരവ് നം: സ.ഉ.(സാധാ) നം. 839/2014/തസ്വഭവ തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്. തിരുവനന്തപുരം, തീയതി: 21.03.2014**

---

# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി ധനസഹായം നൽകുന്നതിനായി 91.31 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി

പരാമർശം (1) പ്രകാരം 2011-12 സാമ്പത്തിക വർഷം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതിയിൽ 100 ദിവസം പണിയെടുത്ത 1,04,549 കുടുംബങ്ങളിലെ സ്ത്രീതൊഴിലാളികൾക്ക് 1000/- രൂപ വീതം ധനസഹായം നൽകുന്നതിന് 10.46 കോടി രൂപ ചെലവഴിക്കാൻ ഭരണാനുമതി നൽകിയിരുന്നു.

പരാമർശം (2) ഉത്തരവ് പ്രകാരം ഏറ്റവും കുറഞ്ഞത് 90 തൊഴിൽദിനങ്ങൾ സ്ത്രീതൊഴിലാളികൾ പ്രവൃത്തിയെടുക്കുകയും 100 ദിവസം തൊഴിൽ പൂർത്തിയാക്കുകയും ചെയ്ത കുടുംബങ്ങളിലെ വനിതകൾക്കും 1000 രൂപ ധനസഹായ നൽകാവുന്നതാണെന്നും ഉത്തരവായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 9131 കുടുംബങ്ങൾക്കുകൂടി 1000 രൂപ വീതം ധനസഹായത്തിനുള്ള 91.31 ലക്ഷം രൂപയുടെ പ്രൊപ്പോസൽ പരാമർശം (3) പ്രകാരം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി മിഷൻ ഡയറക്ടർ സമർപ്പിക്കുകയും Supplementary demand for grants 2013-14 No.XXXVI പ്രകാരം ഈ ഇനത്തിൽ 2505-02-101-96 ശീർഷകത്തിൽ 91.31 ലക്ഷം രൂപ വകയിരുത്തി ചെലവഴിക്കുന്നതിന് ഭരണാനുമതി ലഭ്യമാക്കണമെന്ന് അപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതിയിൽ 2011-12 വർഷം 90 തൊഴിൽ ദിനങ്ങൾ. സ്ത്രീതൊഴിലാളികൾ പ്രവൃത്തിയെടുക്കുകയും 100 ദിവസം തൊഴിൽ പൂർത്തിയാക്കുകയും ചെയ്ത 9131 കുടുംബങ്ങൾക്ക് കൂടി 1000 രൂപ വീതം ധനസഹായത്തിന് Supplementary demand for grants 2013-14 No.XXXVI പ്രകാരം 2005-02-101-96 ശീർഷകത്തിൽ വകയിരുത്തിയ 91.31 ലക്ഷം രൂപ ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. (തുക പിൻവലിക്കുന്നത് സംബന്ധിച്ച നടപടി സ്വീകരിക്കുന്നതിന് ഗ്രാമവികസന കമ്മീഷണറെ ചുമതലപ്പെടുത്തിയിരിക്കുന്നു.)

---


**STATEMENT OF OWNERSHIP AND OTHER PARTICULARS ABOUT GRAMABHUMI BI- MONTHLY**

**From IV ( See Rule 8 )**

| | | |
|---|---|---|
| 1. Place of publication | : | Thiruvananthapuram |
| 2. Periodicity of publication | : | Bi-monthly |
| 3. Printer's Name, Nationality and address | : | K.P. Monylal, Indian<br>Superintendent of Government Presses,<br>Thiruvananthapuram |
| 4. Publisher's Name, Nationality and address | : | Shine. T.A, Indian<br>Chief Officer, Rural Information Bureau,<br>State Municipal House,Vazhuthacaud,<br>SasthamangalamPO,Thiruvananthapuram- 10 |
| 5. Editor's Name, Nationality and address | : | Shine. T.A, Indian<br>Chief Officer, Rural Information Bureau,<br>State Municipal House,Vazhuthacaud,<br>SasthamangalamPO,Thiruvananthapuram- 10 |
| 6. Name and address of individuals who own the news paper, partners or share holders holding more than one percent of the total capital | : | Government of Kerala |

I, Shine. T.A, hereby declare that the particulars given above are true to the best of my knowledge and belief.

Sd/-

Thiruvananthapuram
01.03.2014

Shine. T.A
Chief Officer